

ST. GEORGE FORANE CHURCH, EDAPPALLY

# സഹദാ

## PARISH BULLETIN

ജനുവരി - മാർച്ച് 2022 Vol. 17, Issue 1




IELTS
OET
AJINORAH
INSTITUTIONS
Your Gateway to Prosperity
+91 8888 50 1234
GET IT ON Google Play
Download on the App Store
www.ajinorah.com
AJINORAH INSTITUTIONS. OPP. ST. GEORGE FORANE CHURCH, EDAPPALLY, KOCHI - 682024
KOCHI - 9744555465 | KOTTAYAM - 9745207973 | KOZHIKODE - 8086801381 | TRIVANDRUM - 97477 23707 | PALAKKAD - 9778606423 | KALPETTA - 9778606426
PERINTHALMANNA - 9778647174 | MANGALORE - 97786 06435 | CHERUPUZHA - 9778606431 | SREEKANDAPURAM - 9778606432 | THALASSERY - 9778606413 | VADAKARA - 9778606415
KOLLAM - 9778639152 | ALAPPUZHA - 9778647176 | KOTTARAKKARA - 9778606425 | VADAKARA - 9778606415 | ALATHOOR -9778647175 | THRISSUR - 9778606424
ANGAMALY - 9495513123 | KALADY - 9778467372 | PERUMBAVOOR - 9778606427 | ADIMALI - 9778467371 | THODUPUZHA - 7901503000 | SHORNUR - 9778467375
BANGALORE - 79023 83333 | HYDERABAD - 79014 08000 | KUWAIT - 8089312918



# ഇടയമൊഴി



സ്നേഹം നിറഞ്ഞവരെ,

ഒരു വർഷം കൂടെ കടന്നുപോവുകയാണ്. 2021-ന്റെ പോക്കുവെയിലിലിരുന്ന് തിരിഞ്ഞു നോക്കുമ്പോൾ നമുക്ക് നന്ദിയുള്ളവരായിരിക്കാം; തമ്പുരാനോടും സഹജീവികളോടും. വളരെ സങ്കീർണ്ണമായ ഒരു കാലഘട്ടം നമ്മൾ പിന്നിടുകയാണ്. കോവിഡ് - 19 എന്ന മഹാമാരിയുടെ മദ്ധ്യത്തിലാണ് 2021 നമ്മൾ പിന്നിടുക. ഭയത്തിന്റെയും ഉത്ക്കണ്ഠയുടെയും നിഴലിൽ ആയിരുന്നപ്പോഴും നമ്മെ കരം പിടിച്ചു നടത്തിയ നല്ല തമ്പുരാന്റെ പരിപാലനയുടെ ശക്തിവിശേഷം നമ്മെ ഇവിടെ വരെ എത്തിച്ചു എന്നുള്ള ഒറ്റ കാര്യം മതി അവിടുത്തെ സന്നിധിയിൽ കരങ്ങൾ കൂപ്പി ശിരസ്സു നമിക്കുവാൻ. അവിടുത്തെ കരുണയുടെയും കരുതലിന്റെയും കരസ്പർശം സഹജീവികളിലൂടെ നമ്മുടെ ജീവിതങ്ങളെ തലോടിയ നിമിഷങ്ങൾ കൊണ്ടും സമ്പന്നമായിരുന്നു കടന്നു പോകുന്ന 2021.

പുതിയ ഒരു വത്സരത്തെ എതിരേൽക്കുവാൻ പ്രതീക്ഷയോടെ നമ്മൾ ഒരുങ്ങുകയാണ്. 2022 ദൈവാനുഗ്രഹങ്ങളുടേതാകട്ടെ എന്നു ഞാൻ ആശംസിക്കുന്നു; പ്രാർത്ഥിക്കുന്നു. ദൈവത്തോടും, സഹോദരങ്ങളോടും പ്രകൃതിയോടും ഒരുപോലെ സ്നേഹത്തിലും രമ്യതയിലും ആയിരിക്കുവാൻ ശ്രമിക്കാമെന്ന് പുതിയ വത്സരത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം; പരിശ്രമിക്കാം. കൊറോണ വൈറസിന്റെ പുതിയ വകഭേദങ്ങൾ നമ്മെ ആശങ്കയുടെ മുൻമുനയിൽ നിറുത്തുമ്പോഴും പ്രതീക്ഷ കൈവിടാതെ ദൈവത്തിൽ ആശ്രയിച്ച് പ്രതിസന്ധികളെ അതിജീവിച്ച് മുന്നേറുവാൻ നമുക്കാകട്ടെ. കാലഘട്ടം ആവശ്യപ്പെടുന്ന വെല്ലുവിളികളെ നേരിടുവാൻ സുവിശേഷമൂല്യങ്ങളെ മുറുകെപ്പിടിച്ചും കൂട്ടായ്മ ശക്തിപ്പെടുത്തിയും നമുക്ക് ഒരുമിച്ചു വളരാം.

നമ്മുടെ ഇടവകയെ സംബന്ധിച്ചിടത്തോളം സമിതികളുടെ കാലാവധി അവസാനിക്കുകയാണ്. രണ്ടര വർഷം നീണ്ടു നിന്ന അവരുടെ സേവന കാലാവധി അവസാനിക്കുമ്പോൾ ഇടവകയ്ക്കും സമൂഹത്തിനും വേണ്ടി അവർ ഏറ്റെടുത്ത എല്ലാ ഉത്തരവാദിത്വങ്ങൾക്കും ചെയ്ത എല്ലാ സേവനങ്ങളും നന്ദിയോടെ ഓർക്കുകയും അഭിനന്ദനത്തോടെ നോക്കി കാണുകയും ചെയ്യുന്നു. കാലാകാലങ്ങളിൽ നമ്മുടെ ഇടവകയിൽ സേവനം ചെയ്യുന്ന വൈദികരും, കൈക്കാരന്മാരും, പാരീഷ് കൗൺസിൽ അംഗങ്ങളും സെൻട്രൽ കമ്മിറ്റി ഭാരവാഹികളും, അംഗങ്ങളും, കുടുംബയൂണിറ്റ് ഭാരവാഹികളുമെല്ലാം ദൈവത്തിന്റെ കരങ്ങളിലെ ഉപകരണങ്ങളാണ്. തങ്ങളുടെ സേവനകാലത്ത് ഇടവകയ്ക്കും സമൂഹത്തിനുംവേണ്ടി അവർ ഏറ്റെടുത്ത ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിറവേറ്റിയതിന് എല്ലാവരേയും അഭിനന്ദിക്കുന്നു. പ്രത്യേകിച്ചും പാരീഷ് കൗൺസിലിന് നേതൃത്വം നൽകിയ കൈക്കാരന്മാരായ ജോയി പള്ളിപ്പാടനും, ജോസ് നീരായ്ക്കലിലും സെൻട്രൽ കമ്മിറ്റിയ്ക്ക് നേതൃത്വം നല്കിയ വൈസ് ചെയർമാൻ ജോസ് മഞ്ഞിലയ്ക്കും ജനറൽ സെക്രട്ടറി ജോസ് പള്ളിപ്പാടനും പ്രത്യേകം നന്ദി പറയുന്നു. രണ്ടു സമിതികളെയും ഒരുമിച്ച് കൊണ്ടുപോകുന്നതിന് അവരുടെ പക്വമായ നേതൃത്വത്തിന് സാധിച്ചിട്ടുണ്ട്. ഇടവക സമൂഹത്തിനുവേണ്ടി പാരീഷ് കൗൺസിലിനും സെൻട്രൽ കമ്മിറ്റിയ്ക്കും അഭിനന്ദനവും നന്ദിയും അറിയിക്കുന്നു.

നമ്മൾ യാത്ര തുടരുകയാണ്. പുതിയതായി രൂപവല്കരിക്കപ്പെടുന്ന സമിതികളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള എല്ലാവർക്കും ആശംസകൾ നേരുന്നു. അവർ ഏറ്റെടുക്കുന്ന സേവനമേഖലകൾ ദൈവാനുഗ്രഹത്തിന്റേതായിരിക്കട്ടെയെന്ന് ആശംസിക്കുന്നു പ്രാർത്ഥിക്കുന്നു. പരസ്പരം പ്രോത്സാഹിപ്പിച്ചും വളർത്തിയും നമുക്ക് ഒരുമിച്ച് വളരാം. നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഗീവർഗീസ് സഹദായുടെ ശക്തമായ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുന്നു. ഒരിക്കൽ കൂടെ, സന്തോഷവും സമാധാനവും ദൈവാനുഗ്രഹങ്ങളും നിറഞ്ഞ ഒരു പുതുവത്സരം ആശംസിക്കുന്നു.


സ്നേഹപൂർവ്വം

**ഫാ. ആന്റണി മടത്തുംപടി**

നിങ്ങളുടെ വികാരിയച്ചൻ

# സഹദാ

പാരിഷ് ബുള്ളറ്റിൻ
ജനുവരി - മാർച്ച് 2022
Vol. 17, Issue 1



സെന്റ് ജോർജ് ഫൊറോന ചർച്ച്
ഇടപ്പള്ളി, കൊച്ചി - 682 024

Ph: 0484 234 4538
edappallyvicar@gmail.com
parishbullettinsahada@gmail.com
www.stgeorgeforanechurchedappally.org
www.stgeorgeforanechurchedappally.in
www.stgeorgeforanechurchedappally.com

**രക്ഷാധികാരി**
റവ. ഫാ. ആന്റണി മടത്തുംപടി

**ചീഫ് എഡിറ്റർ**
ഫാ. ജോൺ ജോസഫ് തൈപ്പറമ്പിൽ

**അസോസിയേറ്റ് എഡിറ്റർ**
ഫാ. സാൻജോ കണ്ണമ്പിള്ളി

**എഡിറ്റോറിയൽ ബോർഡ്**
ജോസ് മഞ്ഞില, വൈസ് ചെയർമാൻ
ജോസ് പള്ളിപ്പാടൻ, ജനറൽ സെക്രട്ടറി
ജോയി ആഞ്ഞിലിക്കൽ, ട്രഷറർ

ബിജു കണ്ടത്തിൽ
ജിൻസ് ഓടക്കൽ
ജാൻസി ഔസേഫ് എഴുവന്താനം
ജെൻസി ജോളി ചിറയത്ത്
ജോയി മണ്ണുക്കോട്ടയിൽ
വർഗ്ഗീസ് ഉപ്പൻ
യേശുദാസ് കണ്ടത്തിൽ

**പള്ളി ഓഫീസ് സ്റ്റാഫ്**
ജനനം, മരണം, മാമ്മോദീസ, വിവാഹം തിയതികൾ

**ഉപദേശകസമിതി**
ജോയി പള്ളിപ്പാടൻ
ജോസ് നിരാക്കൽ

**മുഖചിത്രം**
ഫാ. ബിജു മടത്തിക്കുന്നേൽ

**ഛായാഗ്രഹണം**
ജി.റ്റി. സ്റ്റുഡിയോ ഇടപ്പള്ളി

**മുദ്രണം & രൂപഭംഗി**
ഡോൺ ബോസ്കോ ഇഗാക്റ്റ്, വെണ്ണല, കൊച്ചി - 28
ഫോൺ: 0484 280 6411, mail@dbigact.com

ഇടയമൊഴി ..... 03
സമഗ്രത ..... 05
കൊച്ചുകാര്യങ്ങളിലെ വലിയ സന്തോഷങ്ങൾ ..... 06
നന്ദിയോടെ വിട ..... 07
ജനറൽ സെക്രട്ടറിയുടെ കത്ത് ..... 08
God our Poller ..... 13
ദേവസഹായം വിശുദ്ധപദവിയിലേക്ക് ..... 14
മനസ്സാകും യാനം ..... 16
എൻ നാഥാ ..... 17
A World in Pages ..... 18
പോസ്റ്റ് കോവിഡ് ആരോഗ്യപ്രശ്നങ്ങൾ ..... 27
Fading Green ..... 28
രുചിക്കൂട്ട് ..... 29
മോഹം ..... 30
ധൂർത്തപുത്രനും ജ്യേഷ്ഠനും ..... 31
യേശുവേ നന്ദി ..... 37
ഇടവക വാർത്തകൾ ..... 38
ഞങ്ങൾ വരവായി ..... 40
പിതാവിന്റെ പക്കലേക്ക് ..... 40
ഞങ്ങൾ ഒന്നായി ..... 41
വാർത്താലോകം ..... 42





# സമഗ്രത

സ്നേഹമുള്ളവരെ,

വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. ഒരു ക്രിസ്തുമസ് കാലം കൂടി കടന്നുപോയി. പുതുവർഷം കടന്നുവന്നു. ഈ പുതുവർഷം നമുക്ക് അനുഗ്രഹത്തിന്റെ വർഷമായി മാറാൻ ഈ വചനത്തെ നമുക്ക് സ്വന്തമാക്കാം. വചനം എവിടെയൊക്കെ മാംസം ധരിക്കുന്നുണ്ടോ? അവിടെയൊക്കെ സമാധാനമുണ്ട്. എങ്ങനെയാണ് വചനം മാംസം ധരിക്കുന്നതെന്ന് നമ്മിൽ പലർക്കും സംശയമുണ്ട്. ഒറ്റവാക്കിൽ പറഞ്ഞാൽ എവിടെ എന്റെ വാക്കുകൾ പ്രവൃത്തിയായി മാറുന്നുണ്ടോ? അവിടെ വചനം, വാക്ക് മാംസം ധരിക്കുകയാണ്.

സന്തോഷത്തിന്റെ ദിവ്യരഹസ്യത്തിലെ ആദ്യരഹസ്യത്തിൽ പ്രാർത്ഥിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നത് കന്യകയായ പരി. മറിയം ദൈവവചനത്തെ മാംസം ധരിക്കുന്ന മംഗളവാർത്തയാണ്. നമ്മുടെ ജീവിതത്തിലും യഥാർത്ഥസന്തോഷം ലഭിക്കാൻ ഇതുപോലെ മാംസം ധരിക്കൽ അനിവാര്യമാണ്. കന്യകയായിരുന്നവൾ വിവാഹത്തിനുമുമ്പ് ഗർഭവതിയാവുന്നതിലൂടെ അവൾ കടന്നുപോകുന്ന ആപത്കരമായ സാഹചര്യങ്ങൾ നിയമങ്ങളുടെയും സമൂഹത്തിന്റെയും സദാചാരത്തിന്റെയും ചില കടമ്പകൾ എല്ലാം വല്ലാതെ പിടിമുറുക്കിയിട്ടും അവൾ ദൈവസ്വരത്തിന് ആമ്മേൻ പറഞ്ഞു. ഇതുപോലെ നമ്മുടെ ജീവിതത്തിലും വചനം മാംസം ധരിക്കുവാൻ ചില വേദനകളിലൂടെയും കഷ്ടതകളിലൂടെയും കടന്നുപോകേണ്ടിയിരിക്കുന്നു. വാക്കുകൾ പറയുക എളുപ്പമാണ്. വാക്കിനെ ജീവിതമാക്കാൻ പരി. അമ്മ കടന്നുപോയ യാതനകളിലൂടെ കടന്നുപോകേണ്ടതുണ്ട്. ഗാന്ധിയുടെ അടുത്ത് മിഠായിയോട് അമിത താത്പര്യമുള്ള കുട്ടിയെ ഉപദേശിക്കുവാൻ കൊണ്ടുവരുമ്പോൾ ഒരാഴ്ചയ്ക്ക് ശേഷം കൊണ്ടുവരാൻ പറയുക. കാരണം തിരയുമ്പോൾ തനിക്ക് ആ താത്പര്യമുണ്ടെന്നും അതിനാൽ തനിക്ക് മാറ്റം വന്നിട്ടെ ആ കുട്ടിയെ ഉപദേശിക്കുവാൻ ബലമുണ്ടാകൂയെന്ന് ഗാന്ധി മറുപടി നൽകി. വാക്ക് പ്രവൃത്തിയാകുന്നിടത്ത് വചനം മാംസം ധരിക്കുന്നു. അവിടെ ഒരു സമഗ്ര വ്യക്തിത്വം രൂപപ്പെടുന്നത്. സെന്റ് തോമസ് അക്വിനാസിന്റെ ഭാഷയിൽ പുറവും അകവും ഒരുപോലെയിരിക്കുന്ന വ്യക്തിയാണ് സമഗ്രതയുള്ള വ്യക്തി. പറയുന്ന വാക്കും ചിന്തയും പ്രവൃത്തിയും നേർരേഖയിലാകുമ്പോൾ കരഗതമാകുന്ന ഒന്നാണ് (Integrity) സമഗ്രത. ഈ സമഗ്രത അതിന്റെ പൂർണതയിൽ ഈ ജീവിതത്തിൽ സ്വന്തമാക്കാൻ നമുക്ക് സാധിക്കുമോ? എന്നത് വലിയ ചോദ്യമാണ്. എന്നാൽ ജീവിതത്തിൽ ഓരോ സമയും വാക്കും പ്രവൃത്തിയും ചിന്തയും തമ്മിലുള്ള ദൂരം കുറയ്ക്കാനും ശ്രമിക്കാം. ഇവ നേർരേഖയിൽ ആയിടത്ത് ജീവിതം സുന്ദരവും സ്വസ്ഥവുമാണ്.

പുതുവത്സരം നമ്മുടെ വാക്കും പ്രവൃത്തിയും ചിന്തയും നേർരേഖയിലാകുന്ന സമഗ്രവ്യക്തിത്വത്തിനായി പരിശ്രമിക്കാം. ഔസേപ്പിതാവിന്റെ മരണതിരുനാളിനായി ഒരുങ്ങുന്ന നമുക്ക് ഈ പിതാവിന്റെ കൃപാകടാക്ഷം ഉണ്ടാവട്ടെ. ഔസേപ്പ് നീതിമാനായിരുന്നു. വാക്കും പ്രവൃത്തിയും ചിന്തയും നേർരേഖയിലാക്കിയ നീതിമാൻ. അവൻ ചിന്തയുടെ ആലോചനയുടെ ഉത്തരം പ്രവൃത്തിയാക്കാൻ അതിലൂടെ വരുന്ന കുറവുകളെ സമചിത്തതയോടെ നേരിടാൻ തയ്യാറായി. ഇതുപോലെ നമുക്കും സാധിക്കട്ടെ! ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ഫാ. ജോൺ ജോസഫ് തൈപ്പറമ്പിൽ**
സഹവികാരി



# കൊച്ചുകാര്യങ്ങളിലെ വലിയ സന്തോഷങ്ങൾ...

'ഞാൻ വിശുദ്ധി കാണുന്നത് ദൈവജനത്തിന്റെ ക്ഷമയിലാണ് തന്റെ കുട്ടികളെ വളർത്തി വലുതാക്കുന്ന സ്ത്രീ. കഠിനാദ്ധ്വാനത്തിലൂടെ തന്റെ കുടുംബത്തിന് അപ്പം സമ്പാദിക്കുന്ന പുരുഷൻ, രോഗികൾ, പ്രായമായ വൈദിക സഹോദരങ്ങൾ തങ്ങളുടെ ഹൃദയങ്ങളിലെ മുറിവുകൾ പേറുകയും അതേസമയം മുഖത്ത് പുഞ്ചിരിയുമായി മറ്റുള്ളവരെ ശുശ്രൂഷിക്കുന്നത്, നന്നായി ജോലി ചെയ്യുകയും ആരുമറിയാതെ വിശുദ്ധ ജീവിതം നയിക്കുകയും ചെയ്യുന്ന കന്യാസ്ത്രീകൾ.... ഇവരെയൊക്കെയാണ്, 'വിശുദ്ധി' എന്ന പദം കൊണ്ട് ഞാനർത്ഥമാക്കുന്നത്. ഫ്രാൻസിസ് പാപ്പയുടെ വാക്കുകളാണ്. ചുരുക്കി പറഞ്ഞാൽ നിന്റെ ജീവിതത്തിൽ ഏല്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വങ്ങൾ സ്നേഹത്തോടെ സന്തോഷത്തോടെ ചെയ്യുമ്പോൾ നീ വിശുദ്ധ പദവിയിലേക്കെത്തും. പുതുവർഷത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ കൊച്ചുകാര്യങ്ങളിലെ വലിയ സന്തോഷങ്ങൾ തിരിച്ചറിയാൻ പരിശ്രമിക്കാം.

ജീവിതത്തിലെ കൊച്ചുകാര്യങ്ങൾ വിസ്മരിക്കുന്നവരാണ് നമ്മിൽ ഭൂരിഭാഗവും. മാർപാപ്പയായി സ്ഥാനമേറ്റെടുത്തപ്പോൾ ജനങ്ങൾക്കു മുമ്പിൽ തല കുനിച്ച് നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് അപേക്ഷിച്ചപ്പോഴും, തനിക്കുവേണ്ടി കാവൽ നിന്ന സ്വിസ് ഗാർഡിന് പ്രാതലൊരുക്കിയപ്പോഴും ഫ്രാൻസിസ് പാപ്പ നമുക്ക് കാണിച്ചുതന്നത് കൊച്ചുകാര്യങ്ങളിലൂടെ ലഭിക്കുന്ന വലിയ സന്തോഷമാണ്. ഒരു ഭർത്താവ്, ഭാര്യ, മകൻ, മകൾ എന്ന നിലയിൽ നിന്നെ ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ സന്തോഷത്തോടും സ്നേഹത്തോടും കൂടി നിറവേറ്റാൻ നിനക്ക് സാധിക്കുന്നുണ്ടോ... നിന്റെ ജീവിതപങ്കാളിയുടെ സ്വപ്നങ്ങൾ, മക്കളുടെ ആഗ്രഹങ്ങൾ, മാതാപിതാക്കളുടെ പ്രതീക്ഷകൾ, അയൽക്കാരുടെ സങ്കടങ്ങൾ, മനസിലാക്കാൻ നിനക്കു സാധിച്ചാൽ തീർച്ചയായും കൊച്ചുകാര്യങ്ങളിലെ സന്തോഷം കണ്ടെത്താൻ സാധിക്കും. കുടുംബജീവിതത്തിൽ നമ്മൾ മറന്നുപോകുന്ന കുറേയെറേ കൊച്ചുകാര്യങ്ങളുണ്ട്. പരസ്പരമുള്ള അഭിനന്ദനങ്ങൾ, ഒരുമിച്ചുള്ള ഭക്ഷണം, പ്രാർത്ഥന, തുറന്ന സംസാരങ്ങൾ വിശേഷദിവസങ്ങളുടെ ആഘോഷം (പിറന്നാൾ, വിവാഹവാർഷികം) ഒരുമിച്ചുള്ള യാത്രകൾ ഈ ചെറിയ കാര്യങ്ങൾ നമ്മുടെ ജീവിതങ്ങൾക്ക് നിറം പകരുന്നവയാണെന്ന് മറക്കാതിരിക്കാം. ഈ പുതുവർഷത്തിൽ കൊച്ചുകാര്യങ്ങളിലെ വലിയ സന്തോഷങ്ങൾ തിരിച്ചറിയാൻ സാധിക്കട്ടെ. ഒത്തിരി പ്രാർത്ഥനയോടെ

**ഫാ. സാൻജോ കണ്ണമ്പിള്ളി**
സഹവികാരി



# നന്ദിയോടെ വിട...

## വൈസ് ചെയർമാൻ എഴുതുന്നു

ഒരു മഹാസത്യത്തിനു മുമ്പിൽ നമ്മൾ നിൽക്കുകയാണ്. 'History shows there are no invincible armies' അജയ്യമായൊരു സേനയുമില്ല. ചരിത്രത്തിന്റെ പാഠമതാണ്. സഹസ്രാബ്ദങ്ങൾക്കു മുമ്പ് സ്കീത്തിയൻ മരുഭൂമിയിൽ നിന്ന് ഒരു പ്രതിഷേധത്തിന്റെ ശബ്ദമുയർന്നു. ദേവഗണത്തെ ആദ്യമായി ചെറുത്തു നിന്ന പ്രൊമിത്യൂസിന്റെ ശബ്ദം. ഭൂവാസികൾക്ക് അഗ്നി പകർന്നു നൽകിയതിന് രക്തസാക്ഷിത്വം ഏറ്റുവാങ്ങേണ്ടിവന്ന മനുഷ്യസ്നേഹിയുടെ ശബ്ദം. നാഗരികതയുടെ പൂക്കൾ വിരിയിക്കാൻ എരിഞ്ഞടങ്ങേണ്ടിവന്നവന്റെ ശബ്ദം. ഈസ്ക്കിലിയൻ ട്രാജഡിയുടെ ഉമ്മറത്ത് ആ ശബ്ദം പ്രതിധ്വനിച്ചു. ഷെല്ലിയുടെ ഭാവനയെ അതുണർത്തി. അതുകേട്ടാൽ മഹാകവി ബൈറന് പാറയും കഴുകനും ചങ്ങലയുമാണ് ഓർമ്മ വരിക. ഇടിമുഴക്കങ്ങൾക്കും മിന്നൽ പിണരുകൾക്കിടയിലും അചഞ്ചലനായി നിന്ന പ്രൊമിത്യൂസ് ലോകത്തിലെ പീഢനമനുഭവിക്കുന്ന മനുഷ്യാത്മാക്കളെയും ലോകത്തിലെ വസന്തകാലത്തേയും ഇണക്കുന്ന കണ്ണിയാണ്.

ചരിത്രം വീണ്ടും ആവർത്തിക്കുന്നു. തലസ്ഥാന നഗരിയിലെ കൊടുംതണുപ്പിലും ചൂടിലും സാമ്പത്തികമൂലധനശക്തികളേയും ഭരണാധികാരികളേയും ഒരേസമയം പിടിച്ചുകുലുക്കിയ കർഷകരുടെ ശബ്ദം. അന്നം തരുന്നവർ അവരുടെ കാലയാപനത്തിനു വേണ്ടി തെരുവോരങ്ങളിൽ തമ്പടിക്കുന്നു. എത്ര വേദനാജനകമായ കാഴ്ചയാണ്! ഒരുമിച്ച് ചേർന്നിരുന്നവർ ഓരോരുത്തരായി മരണത്തെ പുൽകുമ്പോഴും ഒരു ലക്ഷ്യബോധമെ അവർക്ക് ഉണ്ടായിരുന്നുള്ളൂ. തങ്ങളും ഈ ഭൂവിന്റെ അവകാശികളാണ്. ജീവിക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും നിഷേധിക്കരുത്. കർഷകരുടെ നിശ്ചയദാർഢ്യത്തിനു മുമ്പിൽ ഭരണാധികാരികൾ കീഴടങ്ങി. വൈകി വന്ന വിവേകത്തിന് നന്ദി.

കഴിഞ്ഞ രണ്ടര വർഷക്കാലം ഒരുമിച്ച് സഹകരിച്ചു പ്രവർത്തിച്ച എല്ലാവർക്കും നന്ദി. കൊവിഡിന്റെ ഈ കാലയളവിൽ കേവലം ആറുമാസകാലം മാത്രമേ ഞങ്ങൾക്ക് സജീവമായി പ്രവർത്തിക്കാൻ കഴിഞ്ഞുള്ളു. കുടുംബയൂണിറ്റ് ഭാരവാഹികളുടെ സംഗമം, ക്രിസ്മസ് കാരോൾ ഗാനമത്സരം, പുൽകൂട് മത്സരം, കൊവിഡ് പ്രതിരോധ കുത്തിവെയ്പ്പ്, ജപമാല മാസം, മരിച്ചവരുടെ ഓർമ്മ ആചരണം, സഹദാ പാരിഷ് ബുള്ളറ്റിൻ, സഹദാ വാർഷിക കലണ്ടർ, ഓൺലൈൻ-ഓഫ് ലൈൻ കുടുംബകൂട്ടായ്മകൾ തുടങ്ങി ഇടവകയെ സജീവമാക്കാൻ ഞങ്ങൾ പരമാവധി ശ്രമിച്ചിട്ടുണ്ട്. ജലാശയത്തിലെ പൊങ്ങുതടിപോലെ ഒഴുക്കിനൊത്ത് നീന്താൻ അല്ല ഞങ്ങൾ ശ്രമിച്ചത്. ഒഴുക്കിനെതിരെ, വിധിവിലക്കുകൾക്ക് കീഴടങ്ങാതെ ആയിരുന്നു ഞങ്ങളുടെ പ്രയാണം. സ്നേഹംകൊണ്ട് വീർപ്പുമുട്ടിച്ചവർക്കും, പ്രതിരോധം തീർത്തവർക്കും ഒരിക്കൽ കൂടി നന്ദി.

നവവത്സരാശംസകൾ

**ജോസ് മഞ്ഞില**
വൈസ് ചെയർമാൻ






# ജനറൽ സെക്രട്ടറിയുടെ കത്ത്

2019-21 വർഷങ്ങളിലെ സെൻട്രൽ കമ്മറ്റിയുടെ എളിയ ഭാരവാഹിയായി ചുമതലയേറ്റ നാൾ മുതൽ പ്രിയപ്പെട്ട വൈ. ചെയർമാൻ ജോസ് മഞ്ഞിലക്കും എഡിറ്റോറിയൽ ബോർഡിലെ ബഹുമാനപ്പെട്ട വൈദികർക്കും സഹപ്രവർത്തകർക്കും സെൻട്രൽ കമ്മറ്റിയിലെ അംഗങ്ങളോടുമൊപ്പം ഇഴയടുപ്പത്തോടെ ഒരു കുടുംബത്തിലെ അംഗങ്ങളായി ഒത്തൊരുമിച്ച് പ്രവർത്തിക്കാനായി എന്നത് ചാരിതാർത്ഥ്യത്തോടെ സ്മരിക്കുന്നു.

ബഹുമാനപ്പെട്ട വികാരിയച്ചന്മാരും സഹവൈദികരും ആത്മാർത്ഥമായ സഹകരണമാണ് ഞങ്ങൾക്ക് നൽകിയത്. ആദ്യപകുതിയിലെ കരോൾ ഗാനമേളയും, പുൽക്കൂട് മത്സരവും മറ്റ് പരിപാടികളും ചിട്ടയോടെ ഏറെ മനോഹരമാക്കി മാറ്റാനായി. എങ്കിലും പിന്നീടെത്തിയ കോവിഡ് കാലം എല്ലാം തകിടം മറിക്കുന്നതായിരുന്നു.

സമാനതകളില്ലാത്ത ദുരന്തമുഖങ്ങളിലൂടെ കടന്നുപോയപ്പോഴും കരുതലേകാനും കരുണയേകാനും കൈപിടിച്ചുയർത്താനും നമുക്കായി എന്നുള്ളതാണ് ഇടവകയെ സംബന്ധിച്ചിടത്തോളം പ്രസക്തമായത്. ദേവാലയത്തിലെ എല്ലാ പരിപാടികൾക്കും ഇടവകയിലെ സംവിധാനങ്ങൾക്കൊപ്പം ചേർന്ന് നിൽക്കാൻ സെൻട്രൽ കമ്മറ്റിയംഗങ്ങൾക്കായി എന്നത് അഭിമാനപൂർവ്വം സ്മരിക്കുന്നു.

ഏതാണ്ട് രണ്ടരവർഷക്കാലം മുഴുവൻ സെൻട്രൽ കമ്മറ്റിയംഗങ്ങളെയും ഒരു കുടുംബത്തിലെ അംഗങ്ങളായി ചേർത്തു നിർത്താനും പ്രവർത്തിക്കാനും കഴിഞ്ഞു എന്നാണ് വ്യക്തിപരമായി മനസിലാക്കാനായത്; ഇടവകയിലെ ജനങ്ങളെ ഒന്നായ് കാണാനും വ്യക്തിതാല്പര്യങ്ങൾ ലക്ഷ്യമാക്കാതെ പ്രവർത്തിക്കുകയും ചെയ്യുന്ന വിവിധ രംഗങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്നവരെ മുഖ്യധാരയിലേക്ക് തിരഞ്ഞെടുക്കുവാൻ നാം ഇനിയും ശ്രദ്ധ ചെലുത്തണമെന്ന് പ്രത്യേകം ഓർമ്മിക്കുന്നു. സമ്മാനം വാങ്ങാൻ തക്ക പരിപാടികളൊന്നും കാഴ്ച വച്ചില്ലെങ്കിലും മോശമല്ലാത്തവിധം പ്രവർത്തിക്കാനായി എന്ന് പ്രത്യേകം സ്മരിക്കുന്നു. ഭവനങ്ങളിലെ പുൽക്കൂടുകളിൽ വളരുന്ന തെനയരികൾക്കും നെൽകതിരുകൾക്കുമൊപ്പം നമ്മുടെ മനസ്സിലും സ്നേഹവും നന്മയും സൗഹാർദ്ദങ്ങളും വളർന്നുവരട്ടെ. കൂടെ ചേർത്തു നിർത്തിയ എല്ലാവരെയും പ്രത്യേകം നന്ദിയോടെ സ്മരിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ.

**ജോസ് പള്ളിപ്പാടൻ**
ജന. സെക്രട്ടറി

# ക്രിസ്മസ്





















പുത്തൻവീട്ടിൽ പിതാവ് 1970കളിലെ സമകാലികരായ അൾത്താരബാലകരോടൊപ്പം ദിവ്യബലി അർപ്പിക്കുന്നു

# ST.GEORGE FORANE CHURCH , EDAPPALLY

## PARISH COUNCIL 2019- 2021



# ST.GEORGE FORANE CHURCH , EDAPPALLY

## PARISH BULLETTIN EDITORIAL BOARD 2019 -2021








സഹദാ വാർഷിക കലണ്ടർ വികാരി അച്ചൻ സെൻട്രൽ കമ്മിറ്റി വൈസ് ചെയർമാന്
നൽകി പ്രകാശനം ചെയ്യുന്നു





വി. തോമാശ്ലീഹാ, വി. കൊച്ചുത്രേസ്യാ, വി. അൽഫോൻസാമ്മ എന്നീ വിശുദ്ധരുടെ
തിരുശ്ശേഷിപ്പിന് ദേവാലയത്തിൽ സ്വീകരണം





ഓഫീസ് സമുച്ചയം ആശീർവാദം



നമ്മുടെ മുൻവികാരി

## ഫാ. സെബാസ്റ്റ്യൻ ശങ്കൂരിക്കൽ

അച്ചന് ഇടപ്പള്ളി ഇടവകാംഗങ്ങളുടെ

## ആദരാഞ്ജലികൾ


ജനനം: 19.09.1935
Ordination: 27.09.1961
മരണം: 16.06.2021



# GOD our Poller

This year coming to an end & the days behind us
Full of so many hovoir among us-
Covid, Flood situation & now the third
wave - Omicron
Doubts and fear every where!
Whatever comes & goes, but never fear
Because there is something in the
world that holds us to live
That's God's care - constant & continuous
Thanks giving day if over
Red Indians & pilgrims cultural feast once it is
Now it is the day of honour to the elderly
and beloved ones
A new hope, December - the Christmas
days are here
Come & rejoice, because its the
birthday of our Jesus Christ.
Jesus never stood for any isms
He came to the world for the whole humanity
So Christmas is not for the Christians alone
The whole world celebrates it
Men fight each other due to his
rising into terence
Never knew where mankind goes
Biblically the end of the world is a truth
But no one knows when it happens
Only God knows it.
Death comes like a blow
And soul escapes in wisps of smoke
But mans behaviour at times signs
he is immortal
As if he has conquered & achieved
everything in his hat
Whatever man achieves,
its God's gift only
Days fly by
Think that tomorrow Seldom comes
Today is our days & catch it
before it runs away
In our world so many disaustroas
may surround us
But never get feared
Always be thankful to God for being there
And prayer the gift of God
must be our strength

**Prema Thankachan**
St. Mary's Unit



# ദേവസഹായം വിശുദ്ധപദവിയിലേക്ക്

ഭാരതീയനായ ഒരു അൽമായൻ, അതും ഒരു അക്രൈസ്തവൻ, ഒരു പട്ടാളമേധാവിയിൽ നിന്നും ക്രിസ്തുവിനെക്കുറിച്ചറിഞ്ഞ്, ക്രിസ്ത്യാനിയായി. ആ ക്രിസ്തുവിനെ മറ്റുള്ളവരെ അറിയിക്കുവാനായി അദ്ദേഹം സുവിശേഷപ്രസംഗങ്ങൾ നടത്തി. അതിന് രാജാവിൽ നിന്നു കിട്ടി, വർഷങ്ങൾ നീണ്ട പീഢനങ്ങൾ. ആ പീഢനങ്ങൾ സഹിച്ചതല്ലാതെ ക്രിസ്തുവിലുള്ള വിശ്വാസം ഉപേക്ഷിക്കാൻ അദ്ദേഹം തയ്യാറായില്ല. അവസാനം ധീരരക്തസാക്ഷിത്വം വരിച്ചു. അതാണ് "ദേവസഹായം."

1712 ഏപ്രിൽ 23-ന് കന്യാകുമാരി ജില്ലയിലെ നട്ടാലം എന്ന സ്ഥലത്തായിരുന്നു അദ്ദേഹത്തിന്റെ ജനനം. നീലകണ്ഠപിള്ള എന്നായിരുന്നു മാതാപിതാക്കൾ അദ്ദേഹത്തിനു നല്കിയ പേര്. ചരിത്രപ്രസിദ്ധമായ കുളച്ചൽ യുദ്ധം നടക്കുന്ന കാലഘട്ടത്തിൽ അദ്ദേഹം തിരുവിതാംകൂർ രാജകൊട്ടാരത്തിലെ കാര്യദർശി ആയിരുന്നു. ഈ യുദ്ധത്തിൽ തിരുവിതാംകൂർ സൈന്യം ഡച്ചു സൈന്യത്തെ പരാജയപ്പെടുത്തി. ഡച്ചു സൈന്യം തിരുവിതാംകൂർ രാജാവിന്റെ കീഴിലായി. ആ ഡച്ചു സൈന്യമേധാവി ഡലീനോയിയെകൊണ്ട് തന്റെ സൈന്യത്തെ നവീകരിക്കാൻ രാജാവ് തീരുമാനിച്ചു. സൈന്യാധിപനെ സഹായിക്കാൻ രാജാവ് പിള്ളയെ നിയോഗിച്ചു. ഈ സൈനീകനിൽ നിന്ന് യേശുക്രിസ്തുവിനെക്കുറിച്ച് അറിഞ്ഞ പിള്ള ക്രിസ്ത്യാനിയാകാൻ തീരുമാനിച്ചു.

ഈശോസഭാവൈദീകനായ ബുത്ത്വരി ഇറാലൂസിൽ നിന്നും അദ്ദേഹം ജ്ഞാനസ്നാനം സ്വീകരിച്ചു. ലാസർ എന്നർത്ഥമുള്ള "ദേവസഹായം" എന്ന പേര് സ്വീകരിച്ചു. സാധാരണ ഒരു ക്രിസ്തുവിശ്വാസിയായി ഇരിക്കാനായിരുന്നില്ല അദ്ദേഹത്തിന്റെ തീരുമാനം. വടക്കേക്കുളം, നെയ്യാറ്റിൻകര തുടങ്ങി പല പ്രദേശങ്ങളിലും അദ്ദേഹം സുവിശേഷപ്രസംഗങ്ങൾ നടത്തി, ആളുകളെ യേശുക്രിസ്തുവിലേക്ക് ആകർഷിച്ചു. ഇത് വലിയ വിവാദങ്ങൾക്കു തിരി കൊളുത്തി. ഇതറിഞ്ഞ രാജാവ് രാജ്യദ്രോഹകുറ്റം ചുമത്തി ജയിലിലടച്ചു. പിന്നെ വളരെ ഹീനമായ മർദ്ദനങ്ങളുടെ ഒരു പരമ്പര തന്നെ അദ്ദേഹത്തിനു സഹിക്കേണ്ടി വന്നു. കൈകാലുകൾ ബന്ധിച്ച് കാൽ വെള്ളയിൽ അടിക്കുക, എരിക്കിൻ പൂവിന്റെ മാല അണിയിച്ച് എരുമപ്പുറത്ത് ഇരുത്തി നാടു ചുറ്റിക്കുക, മുറിവുകളിൽ മുളകു പുരട്ടുക തുടങ്ങിയ മർദ്ദനങ്ങൾ അദ്ദേഹം സഹിച്ചു. നാലു വർഷത്തോളം അദ്ദേഹം ഈ പീഢനങ്ങൾ സഹിച്ചു. എങ്കിലും യേശുക്രിസ്തുവിലുള്ള വിശ്വാസം തള്ളിപ്പറയാൻ, തയ്യാറാകാത്ത അദ്ദേഹത്തെ വെടിവെച്ചു കൊല്ലുവാൻ രാജാവ് ഉത്തരവിറക്കി. 1752 ജനുവരി 14-നാണ് അദ്ദേഹത്തിന്റെ ധീരരക്തസാക്ഷിത്വദിനം. വെടിവെച്ചു കൊല്ലുവാനായി കാറ്റാടിമലയിൽ എത്തിയപ്പോൾ, തനിക്ക്

ഈ ലോകത്തിൽ നിന്നു പോകാൻ സമയമായി എന്നു മനസ്സിലാക്കിയ അദ്ദേഹം അവസാനമായി പ്രാർത്ഥിക്കുവാനായി അനുവാദം ചോദിച്ചു. അങ്ങനെ പാറയിൽ ചങ്ങലകളാൽ ബന്ധിക്കപ്പെട്ടു പ്രാർത്ഥിക്കുന്ന ചിത്രമാണ് നാം അദ്ദേഹത്തിന്റേതായി കാണുന്നത്. ഈ ചിത്രമാണ് അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ വിളക്കായി മാറിയത്. കോട്ടാർ രൂപതയിലെ കത്തീഡ്രൽ ദേവാലയമായ നാഗർകോവിൽ സെന്റ് ഫ്രാൻസീസ് സേവ്യർ പള്ളിയിലാണ് ദേവസഹായംപിള്ളയുടെ കബറിടം.

ദേവസഹായത്തിന്റെ രക്തസാക്ഷിത്വദിനമായ ജനുവരി 14-ന് നമ്മുടെ നാട്ടിലെ കൊച്ചി രൂപതയിൽ പ്രത്യേകം അനുസ്മരണപ്രാർത്ഥനകൾ നടന്നുവരുന്നുണ്ട്. ദേവസഹായത്തെ വിശുദ്ധപദവിയിലേക്ക് ഉയർത്തുന്നതിൽ ഏറ്റവും ആത്മീയ ആഹ്ലാദം കൊള്ളുന്നത് കൊച്ചി രൂപതയാണ്.

അതിനായി സദാചരിത്രത്തിലേക്കും പിള്ളയുടെ നാമകരണകാര്യങ്ങളിലേക്കും ഒന്ന് കണ്ണോടിക്കാം.

1557-ൽ സ്ഥാപിതമായ കൊച്ചി രൂപത ഇൻഡ്യയിലെ വിവിധ പ്രദേശങ്ങളും, ശ്രീലങ്ക (സിലോൺ) മ്യാൻമർ (ബർമ്മ) എന്നിവിടങ്ങളിലും വ്യാപിച്ചു കിടന്നിരുന്നു. ദേവസഹായത്തിന്റെ ജന്മസ്ഥലം, മാമ്മോദീസ സ്വീകരിച്ച സ്ഥലം, സുവിശേഷ പ്രസംഗങ്ങൾ നടത്തിയ സ്ഥലങ്ങൾ, രക്തസാക്ഷിത്വം വരിച്ച സ്ഥലം ഇവയെല്ലാം അന്നത്തെ കൊച്ചി രൂപതയുടെ അധീനതയിൽ ആയിരുന്നു.

അന്നത്തെ കൊച്ചി രൂപതയുടെ ചുമതല വഹിച്ചിരുന്ന പോർച്ചുഗീസ് മെത്രാൻ ക്ലെമന്റ് ജോസഫ് ദേവസഹായത്തിന്റെ രക്തസാക്ഷിത്വം സംബന്ധിച്ച് അന്നത്തെ മാർപ്പാപ്പ ബനഡിക്ട് 14-ാമന് സ്വന്തം കൈപ്പടയിൽ കത്ത് നൽകിയതിന്റെ വിശദാംശങ്ങൾ സദാരേഖകളിലുണ്ട്. ഈ നാമകരണപ്രക്രിയക്ക് ഈ രേഖകൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. 1778-1786 കാലഘട്ടങ്ങളിൽ കരിയാറ്റി മെത്രാപ്പോലീത്തായും പാറമേക്കാവ് തോമാക്കത്തനാരും കൂടി നടത്തിയ റോം യാത്രയിൽ ദേവസഹായത്തിന്റെ നാമകരണത്തിനായി അപേക്ഷ നൽകിയതായി വർത്തമാനപുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്.

2004-ൽ ഭാരതമെത്രാസനസമിതിയുടെ തമിഴ്നാട് ശാഖ ദേവസഹായത്തിന്റെ നാമകരണത്തിനായി അപേക്ഷിച്ചിരുന്നു. 2012 ഡിസംബർ രണ്ടാം തിയതി ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. 2022 മെയ് പതിനഞ്ചാം തിയതി പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പ അദ്ദേഹത്തെ വിശുദ്ധ പദവിയിലേക്ക് ഉയർത്തും. അങ്ങനെ ധീരരക്തസാക്ഷിയായ അദ്ദേഹം 'വിശുദ്ധ ദേവസഹായം' എന്ന പേരിൽ അൾത്താരയിൽ വണങ്ങപ്പെടും. ക്രൂരപീഢനങ്ങൾക്ക് ഇരയായെന്നു കരുതുന്ന മുട്ടിടിച്ചാൽ പാറ എന്ന സ്ഥലത്ത് പിന്നീട് നിർമ്മിച്ച പള്ളിയിൽ ധാരാളം വിശ്വാസികൾ സന്ദർശനം നടത്തുന്നുണ്ട്.



**ജോയി മണ്ണുക്കോട്ടയിൽ**
സെന്റ് ഫ്രാൻസീസ് അസ്സീസി യൂണിറ്റ്

# അറിയിപ്പുകൾ

സഹദാ പാരീഷ് ബുള്ളറ്റിനിലേക്ക് രചനകൾ, സംഘടനകളുടെ റിപ്പോർട്ടുകൾ, കുടുംബയോഗ വിവരങ്ങൾ എന്നിവ നൽകുന്നവർ പഴയ പള്ളിയുടെ വലതുവശത്തായി (വെഞ്ചരിപ്പ് നടക്കുന്ന സ്ഥലത്തിനടുത്ത്) പ്രത്യേകമായി വെച്ചിരിക്കുന്ന സഹദാ ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക. രചനകൾ, റിപ്പോർട്ടുകൾ എന്നിവ പ്രസിദ്ധീകരണത്തിന് ഒരു മാസം മുമ്പെങ്കിലും നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കുക. ലേഖനങ്ങൾ രണ്ടു പേജിൽ കവിയരുത്.





# മനസ്സാകും യാനം

"സമാധാനത്തിൽ വിട്ടയച്ചാലും" അധികമാരും കൂടുതൽ ശ്രദ്ധിക്കാത്ത ഒരു മനുഷ്യനെ വേദപുസ്തകം നമ്മെ പരിചയപ്പെടുത്തുന്നുണ്ട്. ദൈവത്തോട് യാത്രാമൊഴികൾ ഉതിർത്ത ആ വൃദ്ധമനുഷ്യന്റെ പേര് "ശീമോൻ" എന്നാണ്. ഒരു വ്യക്തിയായിട്ടാണ് പരിചയപ്പെടുത്തലെങ്കിലും നമ്മളായിരിക്കേണ്ട ചില നല്ല മനോഭാവങ്ങളിലേക്കല്ലെ അദ്ദേഹത്തിന്റെ സ്വരം വിരൽ ചൂണ്ടുന്നത്.

സ്വന്തം കടമകൾ നിറവേറ്റി, അന്തിമ നിയോഗമായി ഉണ്ണിയേശുവിനെ കരങ്ങളിൽ എടുത്തു ദൈവത്തോട് നടത്തിയ പ്രാർത്ഥനയാണിത്. കണ്ണുകൊണ്ട് കാണാൻ പറ്റാത്ത ഒരു ആത്മീയദർശനമാവാം.

യേശുവിനെ കരങ്ങളിൽ എടുത്തു എന്നു പറഞ്ഞാൽ ദൈവത്തെ കണ്ടുമുട്ടി എന്നർത്ഥമല്ലേ? ഇനി താനാകുന്ന ദീപം കെടുത്തിവയ്ക്കാൻ സമയമായി കാരണം തന്നെക്കാൾ വെളിച്ചമുള്ളവൻ, ലോകത്തിന് പ്രകാശവും വഴിയുമാകേണ്ടവൻ വന്നു കഴിഞ്ഞു. കിഴക്കുനക്ഷത്രം കണ്ടു എന്നു പറഞ്ഞാൽ നേരം പുലർന്നു കഴിഞ്ഞു. ഇനി താനാകുന്ന തിരിക്ക് പ്രസക്തിയില്ല എന്ന ആത്മീയ ദർശനമല്ലെ ഇത്. പലതരം ആസന്ന പ്രതിസന്ധികളുടെ തുരങ്കത്തിലേക്ക് ഭൂമി മാറിയിരിക്കുന്നു. പുതിയ തീവ്രയുഗം ആരംഭിച്ചു കഴിഞ്ഞു എന്ന വെളിപ്പെടുത്തലും നാം കേൾക്കുന്നില്ലെ. ലോകം അവസാനിക്കുമെന്ന പ്രവചനം ഇതുമായി കൂട്ടിച്ചേർത്താൽ ഇതുവരെയും അനുഭവിച്ചുകൊണ്ടിരുന്ന പല സുഖഭാവങ്ങളും അവസാനിക്കുന്നു എന്നു ചേർത്തു വായിച്ചുകൂടേ?

അത്യാവശ്യ കടമകൾ നിറവേറ്റിക്കഴിഞ്ഞാൽ നമ്മുടെ വ്യക്തിജീവിതങ്ങളിലും ഇതുപോലെ ശാന്തമായ യാത്രയ്ക്ക് ഒരുങ്ങുന്നതല്ലെ ശരി? നമ്മുടെ മനസ്സാകും യാനത്തിൽ നിന്നു അനാവശ്യചിന്തകളാം അവശിഷ്ടം മാറ്റിക്കളഞ്ഞ് സൽചിന്തകളോടെ പുത്തൻ ആണ്ടിനെ വരവേൽക്കാൻ കാത്തിരിക്കാം. ഒപ്പം പുത്തൻ ഭരണ സംവിധാനങ്ങളെയും സ്വാഗതം ചെയ്യാം.

**വർഗീസ് കളപ്പുര**

സെന്റ് ഫ്രാൻസിസ് അസീസ്സി യൂണിറ്റ്

# എൻ നാഥാ



നിൻ തണലിൽ ജീവിക്കുമെന്നും
എൻ പ്രിയനായ യേശുവേ.
ദുഃഖങ്ങളെന്നെ തളർത്തുമ്പോഴും
നൊമ്പരത്താൽ മനം തകരുമ്പോഴും
എന്നും നിൻ മുഖം ഹൃദയത്തോട്ചേർക്കും
എൻ ജീവനായ തമ്പുരാനെ

എൻ നീറുന്ന ഓർമ്മകളെല്ലാം
ഇന്ന് നീ നിത്യവസന്തമായി മാറ്റി
താങ്ങായും തണലായും എന്നും
നീയെനിക്കൊപ്പമുണ്ടെന്നും തുണയായ്

ആരോരുമില്ലാതിരുന്നപ്പോൾ
നീയെനിക്കാശ്വാസമായിരുന്നെന്നും
ഇപ്പോഴെൻ ഈശോയെ
നീയെൻ ജീവിതം സന്തുഷ്ടമാക്കി

നന്ദിഞാനെങ്ങനെ ചൊല്ലും
നിനക്കെന്റെ ദേവാ
വർണ്ണങ്ങളാൽ നീയെൻ
ജീവിതം വൈവിധ്യമാക്കി
സ്നേഹവും ആത്മബന്ധങ്ങളെല്ലാം
നിൻ ദാനമാണെന്റെ നാഥാ.

**ആരതി മിലാഷ്**
സെന്റ് പയസ് യൂണിറ്റ്



## തൊഴിലുറപ്പ് പദ്ധതി എറണാകുളം, കാസർഗോഡ് ജില്ലാ ഓംബുഡ്സ്മാൻ ആയി നിയമിതനായി

ക്രിസ്തു വിഹാർ യൂണിറ്റ് അംഗവും കൊച്ചി കപ്പൽ ശാല മുൻ ചീഫ് ജനറൽ മാനേജരുമായ എം ഡി വർഗീസിനെ (മേക്കാട്ടുകുളം) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എറണാകുളം, കാസർഗോഡ് ജില്ലകളുടെ ചുമതലയുള്ള ഓംബുഡ്സ്മാൻ ആയി കേരള സർക്കാർ നിയമിച്ചു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട പരാതികളും തർക്കങ്ങളും പരിഹരിക്കുക എന്നതാണ് ഈ മധ്യസ്ഥ പദവിയുടെ പ്രധാന ചുമതല. എറണാകുളം ജില്ലാ ആസ്ഥാനമായ കാക്കനാട് സിവിൽ സ്റ്റേഷനിലാണ് ഓംബുഡ്സ്മാന്റെ ഓഫീസ് പ്രവർത്തിക്കുന്നത്.

HR CSR തുടങ്ങിയ മേഖലകളിൽ കൺസൽട്ടൻസി സേവനങ്ങൾക്കു പുറമെ, കേരള സംസ്ഥാന പ്രൊഡക്ടിവിറ്റി കൗൺസിൽ സെക്രട്ടറി, ഭിന്ന ശേഷി കുട്ടികൾക്ക് പരിശീലനവും ശാക്തീകരണവും നൽകുന്ന കുരീക്കാടുള്ള ആദർശ് ചാരിറ്റബിൾ ട്രസ്റ്റിന്റെ ഒരു ട്രസ്റ്റീ എന്ന നിലയുള്ള പൊതു സേവന പ്രവർത്തികളിലും വ്യാപൃതനാണ്.

അവിഭക്ത ഓൾ സെയിന്റ്സ് യൂണിറ്റിന്റെ മുൻ പ്രസിഡന്റും, 2003-2005 കാലഘട്ടത്തിലെ പാരിഷ് കൗൺസിൽ അംഗം കൂടിയായിരുന്നു. ഫോൺ : 9895172273

# A WORLD In Pages



I see magic and wonders
On a blink of an eye
I become the queen and the witch
Within a change of heartbeat.

Wonders happen in a time span
Feels like I'm born different
With inhuman abilities
In unimaginable lands.


My soul and body wanders apart
Where the soul is in ecstasy.
But the body held on to something
Where the time flies.


I am the man or the women,
The animal or the bird,
The god or the goddess,
The king or the queen
I'm the one in them,
Like someone has written my story.

I may be imprisoned
But I'll break through.
Whatever happens though
I'll have my company.
Days, nights or years fly
Within a finger-snap.

Here is where I feel accepted,
Here is where I'm seen
Here is where I really want to be.
This is my fantasy home ,
The home where my mind sees
A world in pages,
The only world I really want to be in.

**Erin Tony Manjiyil**
St. Xaviers Unit


WEDDING
ANNIVERSARY
02 JAN 2021
Joju Jain
S/o M.J Jain & Lincy Jain, Malamel House, Edappally
Angela George
D/o E.John George & Salomy George, Edappallymannil House


Wedding Greetings
30 JUNE 2021
Mary Treesa Jain
&
Abin Babu
D/o M.J Jain & Lincy Jain
Malamel House, Edappally
S/o P.P Babu & Jancy Babu
Puthussery House Varapuzha




**TRESS WORK**
ഓട്, ഷീറ്റ്, പോളി കാർബൺ, ട.ട വർക്ക്, ഗേറ്റ്, ഗ്രിൽസ്

**HOUSE PAINTING**
പോളിഷിംങ്ങ്, കബോർഡ് പെയിന്റിംങ്ങ്, ടെക്സ്റ്റർ പെയിന്റിംങ്ങ്, 3D പെയിന്റിംങ്ങ്

**ELECTRICAL & PLUMBING**
BathRoom Block & Leak Repairing

**ALUMINIUM FABRICATION**
Cub Boards, Show Case,Partition Aluminium Doors, PVC doors

**MOSQUITO NETS**

**CEILING WORKS**
Gypsm Ceiling & PVC Ceiling

**A/C REPAIRING & SERVICING**

**MASON WORKS & CARPENTER WORKS**

**TILE WORKS & PAVING TILES**

പഴയ ഫ്ളോർ ഇളക്കാതെ തന്നെ പുതിയ ടൈൽ വിരിക്കുന്നതാണ്

എല്ലാവിധ ബിൽഡിംഗ് മെയിന്റനൻസ് വർക്കുകളും ചെയ്യുന്നതാണ്.

CBS

# COCHIN BUILDING SERVICE

All Building Alterations & Maintenance

35/98, Kuzhimala Road, Edappalli,Cochin-24 Email: cochinbs@gmail.com

**MOB : 9846 99 55 71, 9846 90 80 99**

# 1 –ാം ചരമ വാർഷികം



# തോമസ് ജേക്കബ്

## കാട്ടിത്തറ

ജനനം : 25 – 07 – 1953

മരണം : 10 – 02 – 2021

## 25-ാം ചരമവാർഷികം

12-03-1997



# തങ്കമ്മ ജോസഫ്

പള്ളി

ദുഃഖാർത്തരായ കുടു

പോപ്പുലർ കാ

## 9-ാം ചരമവാർഷികം 03-03-2013



# പി പി ജോസഫ്

പാടൻ

ബാംഗങ്ങളും സ്റ്റാഫും

**ൻഡിൽസ് ഗ്രൂപ്പ്**

# In Loving Memory Of

## 1st Death Anniversary



Elsy George
kalapurackal

Birth : 10.01.1941
Death : 01.02.2021



## 16th Death Anniversary



Soly George
kalapurackal

Birth : 20.12.1971
Death : 02.02.2006

# സ്നേഹസ്മരണയ്ക്ക്



ഗീതമ്മ ജോസഫ്
17.12.1948 – 15.11.1983



കെ.കെ. സഖറിയ
മരണം 10.04.1994



മറിയാമ്മ സഖറിയ
മരണം 24.09.1989

# കരോട്ടത്തയ്യിൽ

"ഞാനാണ് പുനരുത്ഥാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവൻ
മരിച്ചാലും ജീവിക്കും" (വി. യോഹ. 11.25)

# മൂന്നാം ചരമവാർഷികം



## ഞാണക്കൽ ജോൺ വർഗ്ഗീസ്
(അനിയൻകുഞ്ഞ്)

ജനനം: 03.09.1955 | മരണം: 20.03.2019

# രണ്ടാം ചരമവാർഷികം



## ത്രേസ്യാമ്മ ജോൺ

### പുളിക്കാശ്ശേരി

ചന്ദ്രത്തിൽ റോഡ്, ഇടപ്പള്ളി





# പോസ്റ്റ് കോവിഡ് ആരോഗ്യ പ്രശ്നങ്ങൾ

**Dr. ATHUL FRANCIS**
**MBBS, MD, DNB**
Consultant Pulmonologist
MAJ Hospital, Edappally

കോവിഡ് വിമുക്തരായ ചിലരിൽ കാണുന്നതും ആഴ്ചകളോ മാസങ്ങളോളമോ നീണ്ടു നിന്നേക്കാവുന്നതുമായ ആരോഗ്യപ്രശ്നങ്ങളെയാണ് പോസ്റ്റ് 'കോവിഡ് സിൻഡ്രോം' എന്നു വിളിക്കുന്നത്. ഇതിൽ 12 ആഴ്ചയിൽ കൂടുതൽ നീണ്ടു നിൽക്കുന്ന രോഗലക്ഷണങ്ങളെ 'ലോംഗ് കോവിഡ്' (Long Covid) എന്നു വിളിക്കുന്നു.

### എന്തെല്ലാമാണ് ഈ ആരോഗ്യപ്രശ്നങ്ങൾ?

**(1) ശ്വാസം മുട്ടലും വിട്ടുമാറാത്ത ചുമയും**

ആശുപത്രിയിൽ അഡ്മിറ്റായവർ, ന്യൂമോണിയ ബാധിച്ചവർ, ഓക്സിജൻ സപ്പോർട്ട് വേണ്ടി വന്നവർ എന്നിവരിലാണ് ഇത്തരം പ്രശ്നങ്ങൾ കൂടുതലായി കാണപ്പെടുന്നത്. ശ്വാസകോശങ്ങളിൽ ഉണ്ടാകുന്ന ചെറുതും വലുതുമായിട്ടുള്ള തകരാറുകളാണ് ഇതിനു പ്രധാന കാരണം. പി.എഫ്.റ്റി (PFT) ടെസ്റ്റ്, എക്സ്റേ, സി. ടി. സ്കാൻ എന്നിവയിലൂടെ ഇത് കണ്ടുപിടിക്കാവുന്നതാണ്.

കോവിഡ് സമയത്ത് കൂടുതൽ ന്യൂമോണിയ ഉണ്ടായവരിൽ 'പൾമനറി ഫൈബ്രോസിസ് എന്ന രോഗാവസ്ഥ കാണപ്പെടാറുണ്ട്. സ്റ്റിറോയ്ഡുകളും ആന്റി ഫൈബ്രോട്ടിക് ടാബ്ലറ്റുകളുമാണ് ഇതിന്റെ പ്രതിവിധിയായി ഉപയോഗിക്കുന്നത്. കോവിഡ് മൂലം ഉണ്ടായേക്കാവുന്ന മറ്റൊരു സങ്കീർണ്ണാവസ്ഥ 'പൾമനറി എംബോളിസം' അഥവാ 'മൈക്രോ എംബോളിസം' ആണ്. ശ്വാസകോശത്തിൽ രക്തം കട്ടപിടിക്കുന്ന അവസ്ഥയാണിത്. നെഞ്ചിടിപ്പ് കൂടുക, രക്തസമ്മർദ്ദം കുറയുക എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ. എന്നാൽ മിക്ക രോഗികൾക്കും എക്സ്റേയിൽ അസ്വാഭാവികത കാണാനുമാകില്ല.

**എങ്ങനെ തിരിച്ചറിയാം?**

കിതപ്പോ ശ്വാസം മുട്ടലോ അതിതീവ്രമായി അനുഭവപ്പെടുന്നുവെങ്കിൽ പോസ്റ്റ് കോവിഡ് ക്ലിനിക്ക് സന്ദർശിക്കുക. ചെസ്റ്റ് എക്സ്റേ, പി. എഫ്. റ്റി (PFT) എന്നിവ ചെയ്യുക. ഡോക്ടർ നിർദ്ദേശിക്കുകയാണെങ്കിൽ സി.റ്റി. സ്കാനും ചെയ്യുക.

**(2) ഹൃദയപ്രശ്നങ്ങൾ**

കോവിഡ് ബാധിതരിൽ ഹൃദയപ്രശ്നങ്ങൾ വരാനുള്ള സാധ്യതയുമുണ്ട്. 'മയോകാർഡൈറ്റിസ്', 'കാർ

ഡിയോ മയോപ്പതി' എന്നിവയ്ക്കും സാധ്യതകളുണ്ട്. ഹൃദ്രോഗികളിലും ഇതു സംബന്ധമായ മരുന്നുകൾ ഉപയോഗിക്കുന്നവരിലുമാണ് ഈ പ്രശ്നങ്ങൾ കാണപ്പെടുന്നത്. ആയതിനാൽ ഹൃദ്രോഗികൾ അവർ പതിവായി ഉപയോഗിക്കുന്ന മരുന്നുകൾ മുടക്കരുത്. കോവിഡ് നെഗറ്റീവ് ആയതിനുശേഷം കാർഡിയോളജിസ്റ്റിനെ കണ്ട് ഇ.സി.ജി., ഇക്കോ കാർഡിയോഗ്രാഫി എന്നിവ ചെയ്യുകയും വേണം.

**(3) ഉറക്കക്കുറവ്**

75% കോവിഡ് മുക്തരിലും കണ്ടു വരുന്ന ഒരു പ്രശ്നമാണ് ഉറക്കക്കുറവ്. കോവിഡിനെക്കുറിച്ചുള്ള ഭീതി, പോസ്റ്റ് കോവിഡ് പ്രശ്നങ്ങൾ ഉണ്ടാകുമോ എന്ന ടെൻഷൻ, സോഷ്യൽ മീഡിയകൾ വഴി പ്രചരിക്കുന്ന വാർത്തകൾ ഉണ്ടാക്കുന്ന ഭീതി എന്നിവയാണ് ഇതിനു പ്രധാന കാരണങ്ങൾ. ദീർഘകാല ആശുപത്രിചികിത്സ വേണ്ടിവന്നവരിൽ ഉറക്കക്കുറവ് കൂടുതലായി കാണപ്പെടാറുണ്ട്. ദിവസങ്ങൾ കഴിഞ്ഞിട്ടും ഉറക്കമില്ലായ്മ ഒരു പ്രശ്നമാകുന്നെങ്കിൽ വൈദ്യ സഹായം തേടുക.

**(4) മറ്റു പ്രശ്നങ്ങൾ**

ഓർമ്മക്കുറവ്, ഏകാഗ്രതക്കുറവ്, ബ്രെയിൻ ഫോഗ് (Brain Fog) എന്നിവയും പോസ്റ്റ് കോവിഡ് സിൻഡ്രോമിന്റെ ഭാഗമായി ചിലരിൽ കാണാറുണ്ട്.

ഇതു കൂടാതെ വിശപ്പില്ലായ്മ, തളർച്ച എന്നിവയും കാണപ്പെടാറുണ്ട്. അത്യപൂർവ്വമായി പക്ഷാഘാതവും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.



# FADING GREEN

Painful watching you change every day,
You stand withered and pale.
The cold, heartless breeze carries your hope away,
When you try, you fail.
Every blossom you bloomed fell dry,
The sun no longer seen.
In silence you cry,
While you are fading green.
Helpless, hopeless, weak
Even love has abandoned you.
Broken when you speak,
Why are you so blue
An empty bird's nest
Emotionless you feel.
Everyone points at you being a mess,
But you are just fading green...

**Diya Jose Kodiyan**
Little Flower Unit

രുചിക്കൂട്ട്









# ന്യൂഇയർ സ്പെഷ്യൽ

ലില്ലി ബാബു ജോസ് നീലികാട്ട്
ഓൾ സെയ്ന്റ്സ് യൂണിറ്റ്

പുതുവർഷത്തെ വരവേൽക്കാൻ ചോക്കളേറ്റ് കപ്സും ഇൻസ്റ്റന്റ് ആയി തയ്യാറാക്കാവുന്ന മുന്തിരി വൈനും

## ചോക്കളേറ്റ് കപ്സ്

**ചേരുവകൾ**

| | |
|---|---|
| ഡാർക്ക് ചോക്കളേറ്റ് | - 200 ഗ്രാം |
| ക്രീം | - ഒരുകപ്പ് |
| ബിറ്റർ ചോക്കലേറ്റ് | - 300 ഗ്രാം |
| കശുവണ്ടി ചോപ് ചെയ്തത് | - കുറച്ച് |
| വാൽനട്സ് ചോപ് ചെയ്തത് | - കുറച്ച് |
| ഉണങ്ങിയ വെള്ള മുന്തിരി | - കുറച്ച് |
| സ്പ്രിക് ലേർസ് | - കുറച്ച് |

**പാകം ചെയ്യുന്ന വിധം**

ഡാർക്ക് ചോക്കളേറ്റ് ചോപ് ചെയ്തത് ഡബിൾ ബോയിലിംഗ് രീതിയിലോ മൈക്രോവേവിലോ 30 - 40 സെക്കൻഡ് വച്ച് ഉരുക്കിയ ശേഷം വിസ്ക് ചെയ്ത് ഒരു ദ്രാവകരൂപത്തിലാക്കി സിലക്കോൺ കപ്പിലൊഴിച്ച് ഒരു സ്പൂൺ ഉപയോഗിച്ച് വശങ്ങളിലാക്കിയശേഷം ഫ്രിഡ്ജിൽ 7 - 8 മിനിട്ട് വയ്ക്കുക. ഈ സമയത്ത് ചോക്കലേറ്റ് സോസ് തയ്യാറാക്കുവാനായിട്ട് ബിറ്റർ ചോക്കളേറ്റ് ചോപ് ചെയ്തശേഷം ഒരു മൈക്രോസേഫ് ആയ പാത്രത്തിലെടുത്ത് ക്രീമും ഒഴിച്ച് മൈക്രോവേവ് ഓവനിൽ വച്ച് 50 - 60 സെക്കൻഡ് ഉരുക്കിയെടുത്ത് ഒരു ബീറ്റർ ഉപയോഗിച്ച് ബീറ്റ് ചെയ്യുക. ഇത് തണുത്ത് അന്തരീഷ ഊഷ്മാവിലെത്തിയതിനുശേഷം സ്റ്റാർ നോസിൽ ഈ ഒരു പൈപ്പിംഗ് ബാഗിൽ ഒഴിക്കുക. ഫ്രിഡ്ജിൽ വച്ചിരിക്കുന്ന ചോക്കളേറ്റ് കപ്പ് എടുത്ത് വളരെ സാവധാനത്തിൽ സിലിക്കൺ കപ്പിൽ നിന്നും വേർതിരിച്ചെടുത്തിട്ട് അതിൽ അല്പം കശുവണ്ടി, വാൽനട്സ്, ഉണക്കമുന്തിരി എന്നിവ നിരത്തിയശേഷം പൈപ്പിംഗ് ബാഗിൽ നിരച്ചുവച്ചിരിക്കുന്ന ചോക്കളേറ്റ് സോസ് ചുറ്റിച്ചൊഴിക്കുക. പല കളറിലുള്ള സ്പ്രിക്ലേർസ് വിതറുക.

## ഇൻസ്റ്റന്റ് മുന്തിരി വൈൻ

ചേരുവകൾ

| | |
|---|---|
| കറുത്ത മുന്തിരി | - 1 കിലോ |
| പഞ്ചസാര | - മുക്കാൽ കിലോ |
| വെള്ളം | - ഒന്നരലിറ്റർ |

| | |
|---|---|
| കറുവപ്പട്ട ഒരിഞ്ചു നീളത്തിൽ | - 4 |
| ഗ്രാമ്പു | - 6 |
| ഏലക്ക | - 4 |
| യീസ്റ്റ് | - ഒരു ടീസ്പൂൺ |
| ഗോതമ്പ് | - 1 പിടി |

**പാകം ചെയ്യുന്ന വിധം**

ഒരു വലിയ പാത്രത്തിലേയ്ക്ക് കഴുകി വൃത്തിയാക്കി വച്ചിരിക്കുന്ന മുന്തിരി, പഞ്ചസാര, കറുവപ്പട്ട, ഗ്രാമ്പു, ഏലക്ക, വെള്ളം എന്നിവ ചേർത്തു നല്ലതുപോലെ തിളപ്പിക്കുക. ഒരു ഉണങ്ങിയ മരത്തവി ഉപയോഗിച്ച് മുന്തിരി ഉടയ്ക്കുക. 5 മിനിട്ട് കൂടി ഇത് ചെറുതീയിൽ വേവിക്കണം. തണുത്തശേഷം ഒരു ഭരണിയിലേക്കൊഴിച്ച് യീസ്റ്റും ഗോതമ്പും കൂടി ചേർത്ത് ഒന്നുകൂടി യോജിപ്പിക്കുക. ഒരു വെള്ളത്തുണികൊണ്ട് ഭരണി നല്ലതുപോലെ മൂടി കെട്ടിയശേഷം അടപ്പ് വച്ച് ഒന്ന് മൂടുക. ഇത് അധികം വെളിച്ചം കടക്കാത്ത ഒരു സ്ഥലത്ത് വയ്ക്കുക. പിറ്റേദിവസം ഇതേ സമയത്തു തന്നെ വൃത്തിയുള്ള ഉണങ്ങിയ മരത്തവികൊണ്ട് ഒന്ന് ഇളക്കി കൊടുക്കുക. 4 ദിവസം കൂടി ഇതാവർത്തിക്കുക. 5-ാം ദിവസം ഒന്നുകൂടി ഇളക്കിയശേഷം ആദ്യം അരിപ്പയിലും പിന്നെ കണ്ണടുപ്പമുള്ള തുണിയിൽ കൂടെയും അരിക്കുക. സൂപ്പർ ടേസ്റ്റിയായിട്ടുള്ള വൈൻ 5-ാം ദിവസം എടുത്ത് ഉപയോഗിക്കാം. 7, 14, 21 ദിവസം കൂടി കെട്ടിവച്ചിരുന്നാൽ വളരെ നല്ലതാണ്.



# മോഹം

എനിക്കെന്റെ ഈശോയെ നിനക്കൊപ്പം
എപ്പോഴും ചേർന്നിരിക്കാനാണു മോഹം
ആണിപ്പഴുതുള്ള നിൻ കൈതലോടൽ
ഏറ്റുറങ്ങാനാണു മോഹം
മുൾമുടി ചാർത്തിയ നിന്റെ ശിരസ്സിലെ
വിങ്ങലായ്ത്തീരാൻ എനിക്കു മോഹം
തിരുക്കുരിശേറിയ നിൻ തോളത്തൊന്നു
ചാഞ്ഞുറങ്ങാനും എനിക്കു മോഹം
തിരുവിലാവിൽ നിന്നുതിർന്ന ചുടു
നിണത്തിൽ നനയാനെനിക്കു മോഹം
ആണിപ്പഴുതുള്ള നിൻ കാലടികളെ
പിൻതുടർന്നീടാൻ എനിക്കു മോഹം
ചാട്ടവാറടിയേറ്റ നിൻ തിരുമേനിയെ
വാരിപ്പുണരാൻ എനിക്കു മോഹം
അവസാന ശ്വാസത്തിൽ ക്രൂശിതനോ
ടൊത്ത് ആയിരിക്കാനും എനിക്കു മോഹം

**സാലി മാത്യു കൈതക്കൽ**
സെന്റ് ആന്റണി യൂണിറ്റ്



# ധൂർത്തപുത്രനും ജ്യേഷ്ഠനും

കേട്ടു കേട്ടു മടുത്ത ഒരു കഥയാണിത്... ധൂർത്തനായ പുത്രന്റെ മാനസാന്തരത്തിന്റെ കഥ. യേശു പറഞ്ഞ ഉപമകളിൽ ഏറ്റവും ലളിതവും ഹൃദയസ്പർശിയുമായ ഒരു കുടുംബ കഥ. ക്രിസ്താനികൾക്കിടയിലെ നല്ല ലോകത്തിലെ സകല ജനതകൾക്കുമിടയിൽ പ്രചരിച്ചിട്ടുള്ള പ്രശസ്തമായ ഈ കഥ കേൾക്കാത്തവർ വളരെ ചുരുക്കമായിരിക്കും. ഒരു പക്ഷേ ഈ കഥ കേൾക്കാത്തവരായ ആ ചിലർക്കു വേണ്ടി... കഥയുടെ രത്നച്ചുരുക്കം ഇങ്ങിനെ.....

ധനികനായ ഒരു മനുഷ്യന് രണ്ടു പുത്രന്മാരുണ്ടായിരുന്നു. ഇളയവൻ പിതാവിനോട് പറഞ്ഞു. 'പിതാവെ, സ്വത്തിൽ എന്റെ ഓഹരി എനിക്ക് തരിക'. അവന്റെ നിർബന്ധം സഹിക്കാൻ വയ്യാതെ അവൻ തന്റെ സ്വത്ത് രണ്ടു പേർക്കുമായി വീതം വച്ചു. ഏറെ താമസിയാതെ ഇളയ മകൻ തന്റെ വീതമായി ലഭിച്ച സ്വത്തെല്ലാം ശേഖരിച്ച് സ്നേഹിതരോടൊപ്പം ദൂരദേശത്തേക്ക് പോയി അവിടെ ധൂർത്തനായി ജീവിച്ച്, സ്വത്തെല്ലാം നശിപ്പിച്ചു കളഞ്ഞു. അവൻ എല്ലാം ചെലവഴിച്ചുകഴിഞ്ഞപ്പോൾ ആ ദേശത്ത് ഒരു കഠിന ക്ഷാമം ഉണ്ടാവുകയും അവൻ ഞെരുക്കത്തിലാവുകയും ചെയ്തു. അവൻ ആ ദേശത്തെ ഒരു പൗരന്റെ അടുത്ത് അഭയം തേടി. അയാൾ അവനെ പന്നികളെ മേയ്ക്കുന്ന ജോലിക്കായി വയലിലേക്കയച്ചു. പന്നികൾക്കു കൊടുക്കുന്ന തവിടെങ്കിലും കൊണ്ട് വയറു നിറക്കുവാൻ അവൻ ആഗ്രഹിച്ചു. അപ്പോൾ അവന് സുബോധം ഉണ്ടായി. അവൻ ഓർത്തു... എന്റെ പിതാവിന്റ എത്രയോ ദാസന്മാർ സുഭിക്ഷമായി ഭക്ഷണം കഴിക്കുന്നു. ഞാനോ ഇവിടെ വിശന്നു മരിക്കുന്നു. അവൻ മാനസാന്തരപ്പെട്ട് പിതാവിന്റെ ഭവനത്തിലേക്ക് യാത്രയായി.

ദൂരെ വച്ചു തന്നെ പിതാവ് അവനെ കണ്ടു... മനസ്സലിഞ്ഞ് ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ച് ചുംബിച്ചു. അവൻ പറഞ്ഞു. 'പിതാവെ സ്വർഗത്തിനെതിരായും അങ്ങേക്കെതിരായും ഞാൻ പാപം ചെയ്തു. നിന്റെ പുത്രൻ എന്ന് വിളിക്കപ്പെടുവാൻ ഞാൻ ഇനി യോഗ്യനല്ല. നിന്റെ ദാസരിൽ ഒരുവനായി എന്നെ സ്വീകരിക്കേണമേ'. പിതാവാകട്ടെ, തന്റെ ദാസരോടു പറഞ്ഞു 'ഇവനെ മേൽത്തരം വസ്ത്രങ്ങൾ ധരിപ്പിക്കുക. കൈയ്യിൽ മോതിരവും കാലിൽ ചെരുപ്പും അണിയിക്കുക. കൊഴുത്ത കാളക്കുട്ടിയെ കൊണ്ട് വന്ന് കൊല്ലുവിൻ. നമുക്ക് ഭക്ഷിച്ച് ആനന്ദിക്കാം. അവർ ആഹ്ലാദിക്കാൻ തുടങ്ങി.

അവന്റെ മൂത്ത മകൻ വയലിലായിരുന്നു. അവൻ തിരിച്ചു വരുമ്പോൾ ഭവനത്തിൽ നിന്നും സംഗീതത്തി

ന്റെയും നൃത്തത്തിന്റെയും ശബ്ദം കേട്ടു. അവൻ ഒരു വേലക്കാരെനെ വിളിച്ച് കാര്യം തിരക്കി. വേലക്കാരൻ പറഞ്ഞു 'പുറപ്പെട്ടു പോയ നിന്റെ സഹോദരൻ തിരിച്ചു വന്നിരിക്കുന്നു. അവനെ സസുഖം തിരിച്ചു കിട്ടിയതിനാൽ നിന്റെ പിതാവ് കൊഴുത്ത കാളക്കുട്ടിയെ കൊന്നിരിക്കുന്നു'. അവൻ കോപിച്ച് അകത്തു കയറാൻ വിസമ്മതിച്ചു. പിതാവ് പുറത്തു വന്ന് അവനെ സ്വാന്തനിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും അവൻ ശാന്തനായില്ല.

അവൻ പറഞ്ഞു 'നോക്കൂ, എത്ര വർഷമായി ഞാൻ നിനക്ക് ദാസ്യ വേല ചെയ്യുന്നു. ഒരിക്കലും നിന്റെ കൽപന ഞാൻ ലംഘിച്ചിട്ടില്ല. എങ്കിലും എന്റെ കൂട്ടുകാരോടൊത്ത് ആഹ്ലാദിക്കുവാൻ ഒരു ആട്ടിൻകുട്ടിയെ പോലും നീ എനിക്കു തന്നില്ല. എന്നാൽ വേശ്യകളോടു കൂട്ടു ചേർന്ന് നിന്റെ സ്വത്തെല്ലാം ധൂർത്തടിച്ച് നശിപ്പിച്ച നിന്റെ ഈ മകൻ തിരിച്ചു വന്നപ്പോൾ അവനു വേണ്ടി നീ കൊഴുത്ത കാളക്കുട്ടിയെ കൊന്നിരിക്കുന്നു' അപ്പോൾ പിതാവു പറഞ്ഞു 'മകനെ, നീ എപ്പോഴും എന്നോട് കൂടെയുണ്ടല്ലോ. എനിക്കുള്ളതെല്ലാം നിന്റെതാണ്. ഇപ്പോൾ നമ്മൾ ആനന്ദിക്കുകയും ആഹ്ലാദിക്കുകയും വേണം. എന്തെന്നാൽ നിന്റെ ഈ സഹോദരൻ മൃതനായിരുന്നു. അവനിപ്പോൾ ജീവിക്കുന്നു. നഷ്ടപ്പെട്ടിരുന്ന ഇവനെ കണ്ടു കിട്ടിയിരിക്കുന്നു.'

ബൈബിളിൽ ആ കഥ അവിടെ അവസാനിപ്പിച്ചിരിക്കുന്നു. അതിനു ശേഷം ആ ഭവനത്തിൽ എന്തുണ്ടായി എന്ന് സുവിശേഷകൻ വിവരിക്കുന്നില്ല. എല്ലായ്പ്പോഴും പിതാവിന്റെ കല്പനകൾ അനുസരിച്ച് ജീവിച്ചിരുന്ന ആ നല്ല മകൻ അദ്ദേഹത്തിന്റെ ഉപദേശം കേട്ട് മനസ്സു തിരിഞ്ഞ്, അനുജനോടുണ്ടായിരുന്ന വെറുപ്പും വിരോധവും വെടിഞ്ഞ് അവനുമായി രമ്യപ്പെട്ട് പുതിയൊരു ജീവിതം തുടങ്ങിയെന്ന് വേണം ന്യായമായും നമുക്ക് അനുമാനിക്കാൻ.

പ്രസ്തുത ഉപമയിലൂടെ പ്രധാനമായയും യേശു ഉയർത്തിക്കാട്ടിയത് പശ്ചാത്താപത്തിന്റെ പ്രാധാന്യവും, തെറ്റായ വഴികളിൽ നിന്നും പിന്തിരിഞ്ഞ് ഈശ്വരസന്നിധിയിലേക്ക് തിരിയുന്നവരിൽ നിറയുന്ന സമാധാനവുമാണ്. അറിഞ്ഞും അറിയാതെയും പാപവഴികളിലേക്ക് എത്തപ്പെടുന്ന മനുഷ്യന് പശ്ചാത്താപത്തിന്റെ വഴിയിലൂടെ നിത്യരക്ഷ പ്രാപിക്കാൻ കഴിയുമെന്ന ദൈവത്തിന്റെ വാഗ്ദാനമാണ് ഈ ഉപമയിലൂടെ സുവിശേഷകൻ അടിവരയിട്ടു പറയുന്നത്. എന്നാൽ അതിലുപരിയായി പിതാവിന്റെ ഉപദേശം സ്വീകരിച്ച് സഹോദരന്റെ എല്ലാ തെറ്റുകളും ക്ഷമിക്കുകയും തനിക്കുള്ളതെല്ലാം അവനുമായി പങ്കുവയ്ക്കുവാൻ സന്നദ്ധനാവുകയും ചെയ്യുന്ന ജ്യേഷ്ഠന്റെ ഉദാത്തമായ ഒരു മനോഭാവം കൂടി ഈ ഉപമയിൽ അന്തർലീനമായിട്ടുണ്ട്. ജേഷ്ഠന്റെ അത്യന്തം വിശിഷ്ടവും അനുകരണീയവുമായ ഈ മനോഭാവത്തെ തക്കതായ പ്രാധാന്യത്തോടെ ഉപമയിൽ ഉയർത്തിക്കാണിച്ചതായി തോന്നുന്നില്ല.

ധൂർത്ത പുത്രനുണ്ടായ വീണ്ടുവിചാരത്തിനും പശ്ചാത്താപത്തിനും സ്വഭവനത്തിലേക്കുള്ള തിരിച്ചു വരവിനും മുഖ്യ പ്രേരകശക്തിയായത് ശാരീരികമായി അവന് അനുഭവിക്കേണ്ടി വന്ന അതികഠിനമായ വിശപ്പായിരുന്നു എന്നതിനാൽ ആത്മീയതയിൽ നിന്നുത്ഭവിച്ച പ്രചോദനം മാത്രമായിരുന്നില്ല അയാളുടെ മാനസാന്തരത്തിന് കാരണമായതെന്നു കാണാം.

എന്നാൽ അവന്റെ തിരിച്ചു വരവിൽ മതിമറന്ന് ആഹ്ലാദിക്കുന്ന പിതാവിനോട് തുടക്കത്തിൽ അമർഷം പ്രകടിപ്പിക്കുന്നുവെങ്കിലും അദ്ദേഹത്തിന്റെ സാരോപദേശം സ്വീകരിക്കുകയും തനിക്കുള്ളതെല്ലാം സഹോദരനുമായി പങ്കുവയ്ക്കാൻ തയ്യാറാവുകയും ചെയ്ത ജ്യേഷ്ഠസഹോദരന്റെ മാനസിക പരിവർത്തനം തികച്ചും ദൈവീകമായ പ്രചോദനത്തിൽ നിന്നും മാത്രം ഉടലെടുത്തതാണെന്നു നിസ്സംശയം പറയാം.

ഓരോ തവണ വായിച്ചു കേൾക്കുമ്പോഴും, പ്രസ്തുത ഉപമയിലൂടെ മഹത്വവൽക്കരിക്കപ്പെടുന്ന ധൂർത്ത പുത്രനും പിതാവിനും ഉപരിയായി ദൈവകല്പനകളുടെ സാരാംശമായ 'സഹോദര സ്നേഹം' സ്വജീവിതത്തിൽ പ്രാവർത്തികമാക്കിയ ജേഷ്ഠ സഹോദരന്റെ രൂപമാണ് എന്റെ മനസ്സിൽ തെളിഞ്ഞു വരിക. ആരാലും ശ്രദ്ധിക്കപ്പെടാത്ത... ആരുടെയും അഭിനന്ദനങ്ങൾ ഏറ്റുവാങ്ങാത്ത... ഉദാത്തമായ സഹോദരസ്നേഹത്തിന്റെ നിറകുടമായി... നിറഞ്ഞ ആത്മനിർവൃതിയിൽ... മറഞ്ഞു നിന്നു പുഞ്ചിരിക്കുന്ന ആ ജ്യേഷ്ഠ സഹോദരൻ മായാത്ത ഒരു വർണ്ണ ചിത്രമായി എപ്പോഴും എന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

**ജോസ് പള്ളത്ത്**
ക്രിസ്തുവിഹാർ യൂണിറ്റ്



വർഗീസ്
പാലത്തിങ്കൽ

ജനനം 12 . 12 . 1940
മരണം 08 . 09 . 2020



പുഷ്പ ടീച്ചർ
T.C. CHERUPUSHPAM

ജനനം 21 . 01 . 1946
മരണം 17 . 02 . 2021

# സ്നേഹസ്മരണയ്ക്ക്

40-ാം ചരമദിനം



## ലൂസിയാമ്മ ജോസഫ്

തേവലക്കാട്ട്

ഇടപ്പള്ളി

ജനനം: 22.02.1946

മരണം: 21.09.2021

# സ്നേഹസ്മരണയ്ക്ക്







## കണ്ടത്തിൽ

**കുര്യാക്കോ ഔസേപ്പ്**
ജനനം : 30.05.1908
മരണം : 07.04.1988

**റോസ ഔസേഫ്**
ജനനം : 20.08.1911
മരണം : 27.07.2007



**കെ. ഒ. ജോസഫ്**
ജനനം : 01.01.1939
മരണം : 18.01.2019



## 4TH DEATH ANNIVERSARY

# LISY FRANCIS

**Karukappally | Chathenkeril**

**15-04-1955 - 21-03-2018**

*"Until We Meet Again, Find peace in Heaven's Hand."*

*In Loving Memory of*



**ALICE JAMES**
06.06.1946 - 03.07.1983



**BLOSSY JAMES**
14.03.1951 - 19.04.2014



**CHACKO JOSEPH** & **KOCHU MARIYAMMA**
03.02.1921 - 24.06.1987 | 06.05.1924 - 30.06.2000



**BENNY JOSEPH**
06.08.1946 - 12.03.2014



**JOSE JOSEPH**
15.04.1954 - 31.10.2010



**JESSY GEORGE**
03.08.1956 - 18.04.2017

**CHIRAMEL, EDAPPALLY**



# യേശുവേ നന്ദി

ആദിത്യകിരണങ്ങളേറ്റു ഞാൻ ഉണരുമ്പോൾ
യേശുവേ നിൻമുഖം എൻ ഹൃത്തിൽ തെളിയുന്നൂ
ഒരുദിനം കൂടി എൻ അവനിതൻ വാഴ്‌വിൽ
കരുതിവച്ച നിന്റെ സ്നേഹത്തെ വാഴ്ത്തുന്നു.
ക്ലേശങ്ങളാം ചുടുപുകയും വെയിലുമേറ്റു
ജീവിതാരാമത്തിൽ ഞാൻ വാടിത്തളരുമ്പോൾ
നിൻ ദയാർദ്രമാം അമൃതം വാഴ്‌വിൽ
കരുതിവച്ച നിന്റെ സ്നേഹത്തെ വാഴ്ത്തുന്നൂ
ഉച്ചക്കൊടുംവെയിലും കടന്നു ഞാൻ
സാന്ത്വന പ്രദീപമാം സായാഹ്നമെത്തീടവേ
കുളിർമഴ പെയ്യിക്കും തണലായ് വാഴ്‌വിൽ
കരുതിവച്ച നിന്റെ സ്നേഹത്തെ വാഴ്ത്തുന്നൂ
സൂര്യാസ്തമയത്തിൽ സന്ധ്യയിലെത്തീടുമ്പോൾ
യേശുവേ നിൻമുഖം എൻ ഹൃത്തിൽ തെളിയുന്നൂ
ഒരുദിനം കൂടി എൻ അവനിതൻ വാഴ്‌വിൽ
കരുതിവച്ച നിന്റെ സ്നേഹത്തെ വാഴ്ത്തുന്നു.

**ബിനു ജോർജ് തായങ്കേരി**
സഹദാ യൂണിറ്റ്

# ഇടവക വാർത്തകൾ

### പാരീഷ് കൗൺസിൽ, സെൻട്രൽ കമ്മിറ്റി

കുടുംബയൂണിറ്റുകൾ യോഗം ചേർന്ന് പാരീഷ് കൗൺസിൽ, സെൻട്രൽ കമ്മിറ്റികളിലേക്കുള്ള കുടുംബകൂട്ടായ്മകളുടെ പ്രതിനിധികളെ തെരെഞ്ഞെടുത്തു. പാരീഷ് കൗൺസിൽ അംഗങ്ങൾ ഡിസംബർ 21 വൈകുന്നേരം ആറ് മണിക്കുള്ള ദിവ്യബലിക്കു ശേഷം സത്യപ്രതിജ്ഞ ചെയ്തു. തുടർന്ന് ചേർന്ന പാരീഷ് കൗൺസിൽയോഗം ട്രസ്റ്റിമാരായി ജോണി കാഞ്ഞിരപ്പറമ്പിൽ, ജോഷി ചിങ്ങംതറ എന്നിവരെ തെരെഞ്ഞെടുത്തു. ഡിസംബർ 6 ന് ചേർന്ന സെൻട്രൽ കമ്മിറ്റിയോഗം വൈസ് ചെയർമാനായി ആന്റണി പരവരയെയും ജനറൽ സെക്രട്ടറിയായി ജോർജ് കാട്ടിത്തറയെയും ട്രഷററായി ബിജു കല്ലുങ്ങലിനെയും തെരെഞ്ഞെടുത്തു. ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ.

### ക്രിസ്മസ്

കൊവിഡ് മഹാമാരി ക്രിസ്മസ് ആഘോഷങ്ങൾക്ക് മങ്ങൽ ഏല്പിച്ചുവെങ്കിലും നമ്മുടെ ദേവാലയം ആഹ്ലാദലഹരിയിലായിരുന്നു. നിരവധി തീർത്ഥാടകരും, ഇടവകാംഗങ്ങളും ദേവാലയം സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ദേവാലയവും പരിസരവും മനോഹരമായി അലങ്കരിച്ചു. അർദ്ധരാത്രിക്കുള്ള ദിവ്യബലി മദ്ധ്യേ ദൈവകുമാരന്റെ തിരുപിറവി ആഘോഷിച്ചു. തുടർന്ന് വൈവിധ്യ ദൃശ്യാവിഷ്ക്കാരത്തോടെയും ഭക്തിപൂർവമായ പ്രദക്ഷിണവും ഉണ്ടായിരുന്നു.

### ഓഫീസ് സമുച്ചയങ്ങളുടെ വെഞ്ചെരിപ്പ്.

പുതിയ പള്ളിയുടെ താഴെ നിർമ്മാണം പൂർത്തിയാക്കിയ ഓഫീസ് സമുച്ചയങ്ങളുടെ വെഞ്ചെരിപ്പ് വികാരി ജനറാൾ ഐനിയാടൻ നിർവഹിച്ചു. പള്ളി ഓഫീസ്, വൈദികരുടെ ഓഫീസ്, കൈക്കാരന്മാരുടെ ഓഫീസ്, മിനി എ.സി. പാരീഷ്ഹാൾ, എ.സി. കുമ്പസാരക്കൂട്, മന്ത്രകോടി മാറുന്നതിന് പര്യാപ്തമായ മുറി, ഫീഡിങ്ങ് റൂം, മ്യൂസിയം തുടങ്ങിയവയാണ് ഈ സമുച്ചയത്തിൽ വിഭാവനം ചെയ്തിരിക്കുന്നത്.

# കുടുംബയൂണിറ്റ് വാർഷികം

### ലിറ്റിൽ ഫ്ളവർ യൂണിറ്റ്

ലിറ്റിൽ ഫ്ളവർ കുടുംബയൂണിറ്റിന്റെ 27-ാം വാർഷികം ഗൂഗിൾ മീറ്റ് വഴി ഓൺലൈനായി 2021 ഒക്ടോബർ 2-ാം തീയതി ശനിയാഴ്ച വൈകീട്ട് 6 മണിക്ക് പ്രാർത്ഥനയോടുകൂടി ആരംഭിച്ചു. യൂണിറ്റ് പ്രസിഡണ്ട് ജോസ് വെട്ടിക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കമ്മിറ്റിയംഗം ദീപ റോബിൻ കുറ്റിവേലിൽ സ്വാഗതം ആശംസിച്ചു. തുടർന്ന് ജോയിന്റ് സെക്രട്ടറി ജെയിംസ് പുത്തൻപുരയ്ക്കൽ അനുശോചന പ്രമേയം അവതരിപ്പിക്കുകയും, യൂണിറ്റിൽനിന്നും മരണം മൂലം വേർപിരിഞ്ഞപോയ അംഗങ്ങളുടെ ആത്മശാന്തിക്കായി എല്ലാവരും നിശ്ശബ്ദരായി പ്രാർത്ഥിക്കുകയും ചെയ്തു. സെക്രട്ടറി ജോൺപോൾ മഞ്ഞളി 2019-2021 കാലയളവിലെ പ്രവർത്തനറിപ്പോർട്ടും, ട്രഷറർ റാണി ജോസഫ് കളത്തിൽ വരവുചെലവു കണക്കും അവതരിപ്പിച്ചു.

വികാരി ഫാ. ആന്റണി മഠത്തുംപടി മീറ്റിംഗിൽ ജോയിൻ ചെയ്യുകയും, അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. വി. കൊച്ചുത്രേസ്യാ അച്ചന് വളരെ പ്രിയപ്പെട്ട വിശുദ്ധയാണെന്നും, വിശുദ്ധയുടെ പുണ്യപ്രവർത്തികൾ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ബഹുമാനപ്പെട്ട വികാരിയച്ചൻ ഉദ്ബോധിപ്പിച്ചു. അദ്ധ്യക്ഷപ്രസംഗത്തിനുശേഷം വിദ്യാഭ്യാസ അവാർഡുകൾ പ്രഖ്യാപിച്ചു. കൊച്ചു കൂട്ടുകാർ കലാപരിപാടികൾ അവതരിപ്പിച്ചു. വൈസ് പ്രസിഡന്റ് ജോമോൻ മാളിയേക്കൽ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിച്ചു. സമാപന പ്രാർത്ഥനയോടുകൂടി കൃത്യം 7 മണിക്ക് വാർഷിക ആഘോഷം സമാപിച്ചു.

# യൂദിത്ത് ഫോറം

യൂദിത്ത് ഫോറത്തിന്റെ 4-ാം വാർഷികം 2021 നവംബർ 13ന് രാവിലെ 9.30ന് വി. കുർബാനയോടെ ആരംഭിച്ചു. സിമിത്തേരിയിൽ ഒപ്പീസും ഉണ്ടായിരുന്നു. ഫാ. ജോൺ തൈപ്പറമ്പിൽ ആണ് തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകിയത്. 32 അംഗങ്ങൾ പങ്കെടുത്തു. ആനിമേറ്റർ സിസ്റ്റർ ദീപ്തിയുടെ അദ്ധ്യക്ഷതയിൽ ബഹു. സി. ഡോണയും യോഗത്തിൽ പങ്കെടുത്തു. കോർഡിനേറ്റർ വത്സ മാഞ്ഞൂരാൻ സ്വാഗതം ചെയ്തു. നമ്മുടെ കൂട്ടായ്മയിൽ നിന്നും മരണം മൂലം വേർപിരിഞ്ഞുപോയ മേരി ജോസഫ് നേര്യംകോട്, അനിത സണ്ണി തുരുത്തിക്കാട്ട് എന്നിവരുടെ ആത്മശാന്തിക്കായ് പ്രാർത്ഥന നടത്തി.

വൈധവ്യം 25 വർഷം പിന്നിട്ട ത്രേസ്യാമ്മ ജോസ്, മേരി ജോസ് ഞഴുവിങ്കൽ, ചിന്നമ്മ അഗസ്റ്റിൻ മണ്ടാക്കര എന്നിവരെ പൊന്നാട അണിയിച്ച് ആദരിച്ചു. അതിരൂപതാതലത്തിൽ നടത്തിയ "റിസോഴ്സ് ട്രെയിനിംഗ്" ക്ലാസിൽ പങ്കെടുത്ത മേരി ലോനപ്പൻ, ഷീല ജോയ് സൂസൻ സണ്ണി എന്നിവർ അവരുടെ അറിവ് മറ്റുള്ളവർക്ക് പങ്കുവയ്ക്കുകയുണ്ടായി.

കൂട്ടായ്മയിലെ ഒരംഗത്തിന്റെ മകളുടെ വിദ്യാഭ്യാസത്തിനായി മറ്റൊരംഗം Rs.5000/- നൽകുകയുണ്ടായി. വിധവകളുടെ കലാശേഷി പരിപോഷിപ്പിക്കുന്നതിനും അതുവഴി സ്വയം തൊഴിൽ കണ്ടെത്തുന്നതിനുമായി കാക്കനാട് രാജഗിരി കോളേജിൽ നടത്തിയ ട്രെയിനിംഗ് പദ്ധതിയിൽ ഈ കൂട്ടായ്മയിൽ നിന്നും സൂസൺ സണ്ണിയും ഷീല ജോയിയും പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേടുകയുണ്ടായി.

2021 ഡിസംബർ മാസം 11ന് ശനിയാഴ്ച മിനി പാരീഷ് ഹാളിൽ യോഗം കൂടുകയുണ്ടായി. ക്രിസ്മസ്സ് ആഘോഷത്തിനായി കൂടിയ പ്രസ്തുത യോഗത്തിൽ വികാരിയച്ചനും, കൊച്ചച്ചന്മാരും, ഡീക്കനും പങ്കെടുത്തു. ഭർത്താവ് മരിച്ച് കഴിഞ്ഞാൽ ഒരു വിധവക്കുണ്ടാകുന്ന സഹനങ്ങളും കഷ്ടപ്പാടുകളും വളരെയേറെയെന്ന് വികാരിയച്ചൻ ഓർമ്മിപ്പിച്ചു. ക്രിസ്തുമസ്സ് സന്ദേശവും നൽകികൊണ്ട് വികാരിയച്ചൻ കേക്ക് മുറിച്ച് എല്ലാവർക്കും മധുരം പങ്കിടുകയും ചെയ്തു. ഗ്രേസി കുര്യാക്കോസ് എല്ലാവർക്കും നന്ദി അർപ്പിച്ചു.

# വിമെൻ വെൽഫയർ സർവ്വീസസ്

വിമെൻ വെൽഫെയർ സർവ്വീസസിന്റെ പ്രതിമാസയോഗം നവംബർ 13-ന് ചേർന്നു. രണ്ടു വർഷത്തിന് ശേഷം, അമ്മമാർ ഒരു ദിവസത്തെ വിനോദയാത്ര പോകുവാൻ തീരുമാനിച്ചു. നവംബർ 24-ാം തീയതി രക്ഷാധികാരി ഫാ. ആന്റണി മഠത്തുംപടി അച്ചൻ ഞങ്ങളെ പ്രാർത്ഥിച്ച് യാത്രയാക്കി. കടുത്തുരുത്തിലയിലെ മാഗോ മഡോസ്, കുറവിലങ്ങാട് മാതാവിന്റെ പള്ളിയും സന്ദർശിച്ച് തിരിച്ച് എത്തി. 26 അമ്മമാരും 2 സിസ്റ്റേഴ്സും ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നു. എല്ലാ അമ്മമാർക്കും വളരെ സന്തോഷമായി. ഇത്രയും ദിവസം വീടിനുള്ളിൽ കഴിഞ്ഞിരുന്ന അമ്മമാർക്ക് എല്ലാവരേയും കാണുവാനും, മനസ്സ് തുറന്ന് ഒന്ന് സന്തോഷിക്കുവാനുമുള്ള ഒരു അവസരം ഉണ്ടായി.

ക്രിസ്തുമസിനോട് അനുബന്ധിച്ച് 2 അംഗങ്ങൾക്ക് 29,000/- രൂപ ചികിത്സാസഹായമായി നല്കി. എല്ലാ വരുടേയും ഹൃദയത്തിൽ രക്ഷകൻ പിറക്കട്ടെയെന്ന് ആശംസിക്കുന്നു. എല്ലാവർക്കും ക്രിസ്തുമസിന്റെയും, പുതുവർഷത്തിന്റെയും മംഗളങ്ങൾ നേരുന്നു.



# ഞങ്ങൾ വരവായി....

| നം | വീട്ടുപേര് | മാതാപിതാക്കൾ | കുട്ടിയുടെ പേര് | ജനനം | മാമോദീസ |
|---|---|---|---|---|---|
| 1 | പൂതുള്ളിൽ | ജോസഫ് മേരിദാസ് - അനു | മരിയ (സേറ മരിയ) | 06.09.2021 | 23.10.2021 |
| 2 | കല്ലുങ്കൽ | ബെബിൻ - ഹെൽന | ആന്റണി | 16.07.2021 | 24.10.2021 |
| 3 | ആനാംതുരുത്തി | യേശുദാസ് - റോജ | അന്ന (അന്ന റോസ്) | 10.08.2021 | 14.11.2021 |
| 4 | കായപ്ലാക്കൽ | മോബിൻ - ഗീതു റീത്ത | എലിസബത്ത് (ഫ്രെയ) | 30.06.2021 | 27.11.2021 |
| 5 | തെക്കേക്കര | കുക്കു - ടിന്റു | റോസ് (ഹെയ്സൽ) | 01.05.2020 | 28.11.2021 |
| 6 | കാഞ്ഞിരത്തിങ്കൽ | സൽമോൻ - റോസ്മി | ഇസാക്ക് മറിയം | 03.09.2021 | 12.12.2021 |
| 7 | മലമേൽ | ജോസ് - ശ്രുതി | ഇവ മരിയ (എവ്‌ലിൻ മരിയ) | 19.04.2020 | 19.12.2021 |
| 8 | മലമേൽ | ജോസ് - ശ്രുതി | എമ മരിയ | 05.08.2021 | 19.12.2021 |
| 9 | മാന്താനത്തുപുതുപ്പറമ്പിൽ | ടിജോ - ടീനു മേരി | തോമസ് (റയാൻ) | 06.07.2021 | 25.08.2021 |
| 10 | പാറേമാൻ | സഞ്ജു - അനു | സിസിലി അന്ന (അന്ന) | 08.10.2021 | 25.10.2021 |

# പിതാവിന്റെ പക്കലേക്ക്

| | വീട്ടുപേര് | പേര് | മരണം |
|---|---|---|---|
| 1 | എടാട്ടുക്കാരൻ | ജോൺ ട്രീസ | 27.10.2021 |
| 2 | അരയത്തിനാൽ | വർക്കി മൈക്കിൾ | 12.11.2021 |
| 3 | നൂറമാക്കൽ | ജോസഫ് ഏലിക്കുട്ടി | 21.11.2021 |
| 4 | പാലയ്ക്കാപ്പിള്ളി | ജോസഫ് ബേബി | 20.11.2021 |
| 5 | കളത്തിൽ | വർഗീസ് എലിസബത്ത് | 03.12.2021 |
| 6 | പ്ലാക്കൽ | പൗലോസ് ജോസഫ് | 03.12.2021 |
| 7 | തോപ്പുപറമ്പിൽ | ജോസഫ് ആന്റണി | 04.12.2021 |
| 8 | | സി. മരിയൻ എസ്.ജി. | 09.12.2021 |
| 9 | വാചാപറമ്പിൽ | ആന്റണി ലീലാമ്മ | 09.12.2021 |






# ഞങ്ങൾ ഒന്നായി....

| | | | |
|---|---|---|---|
| 1. | 27.11.2021 | തേക്കാനത്ത് പോൾ - മേരി മകൻ | ആൻസിൽ |
| | | മുടിയൂർക്കര ഹോളിഫാമിലി പ.ഇ. പെരിയിലക്കാട്ട് ജോസ് - മേരി മകൾ | അൽഫോൻസ |
| 2 | 29.11.2021 | പരുത്തിക്കൽ സിബി മാത്യു - മറിയാമ്മ മകൻ | സച്ചിൻ |
| | | കാരക്കുന്നം സെന്റ് മേരീസ് പ.ഇ. ഇടയ്ക്കാട്ടുകുടി മാത്തച്ചൻ - ബെറ്റി മകൾ | അമിത |
| 3 | 20.09.2021 | ചിറമ്മേൽ ജോയ് - ജയ മകൾ | അനുപം |
| | | കലൂർ സെന്റ് ഫ്രാൻസീസ് സേവ്യർ ആഞ്ഞിപറമ്പിൽ രാജു - ഷാമിൽ മകൻ | രാഹൂൽ രാജ് |

## വി. കുർബാന സമയം ഇടവക ദേവാലയത്തിൽ



| | |
|---|---|
| തിങ്കൾ - വ്യാഴം, ശനി | 6.00 am, 7.00 am, 6.00 pm |
| വെള്ളി | 6.00 am, 7.00 am, 12.00 noon, 6.00 pm |
| ആദ്യവെള്ളി | 5.45 am, 7.00 am, 9.00 am, 10.30 am, 12.00 noon (Latin), 3.30 pm, 5.00 pm, 7.00 pm |
| ഞായർ | 5.45 am, 7.00 am, 8.45 am, 10.15 am, 4.30 pm (English), 5.30 pm, 7.00 pm |
| **വെഞ്ചിരിപ്പ് സമയം** | രാവിലെ 9.00 am - 1.00 pm,<br>ഉച്ചതിരിഞ്ഞ് 2.30 pm - 5.30 pm,<br>വൈകീട്ട് 6.45 pm - 8.00 pm |

* കുർബാന സമയങ്ങളിൽ വെഞ്ചിരിപ്പ് ഉണ്ടായിരിക്കുന്നതല്ല

# വാർത്താവിശേഷങ്ങൾ

ജോസഫ് കരോട്ടത്തയ്യിൽ, സെന്റ് മദർ തെരേസ യൂണിറ്റ്



## കേരള ക്രിസ്ത്യൻ വിവാഹ രജിസ്ട്രേഷൻ ബിൽ 2020

ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 26(b) യിൽ മതസ്വാതന്ത്ര്യത്തെക്കുറിച്ച് പറയുന്നത് ഓരോ മതവിഭാഗത്തിനും അവരുടെ മതപരമായ കാര്യങ്ങൾ പൊതുക്രമത്തിനും, ധാർമ്മികതയ്ക്കും, ആരോഗ്യത്തിനും ഹാനികരമാകാത്തവിധം കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം ഉണ്ടെന്നാണ്. എന്നാൽ മേൽ പറഞ്ഞവയ്ക്കൊന്നും ഹാനി വരുത്തുന്ന ഒരു കാര്യവും ഇല്ലാതിരിക്കേ നിയമം വഴി ക്രൈസ്തവ സമൂഹത്തിന്റെ മതപരമായ കാര്യങ്ങളിൽ ഗവൺമെന്റിന് ഇടപെടുവാനുള്ള വഴി ഒരുക്കുകയാണ് പുതിയ ബില്ലിലൂടെ.

ഏതൊരു ബില്ല് അവതരിപ്പിക്കുമ്പോഴും അതിന് അടിസ്ഥാനമാകുന്ന ചില കാരണങ്ങൾ അവതരിപ്പിക്കാറുണ്ട്. 2020-ലെ ക്രിസ്ത്യൻ വിവാഹ രജിസ്ട്രേഷൻ ബില്ലിന് അടിസ്ഥാനമിട്ടിരിക്കുന്നത് രണ്ട് കാര്യങ്ങൾ കൊണ്ടാണ്. ഒന്ന്, കേരളത്തിലെ ക്രിസ്ത്യാനികളുടെ വിവാഹരജിസ്ട്രേഷൻ നിയമങ്ങൾ ഏകോപിപ്പിക്കുക; രണ്ട് ഔദ്യോഗിക ആവശ്യങ്ങൾക്ക് സമർപ്പിക്കുവാൻ വേണ്ടി വിവാഹം രജിസ്റ്റർ ചെയ്തശേഷം ഒരു നൈയാമിക അധികാരി നല്കുന്ന വിവാഹ സർട്ടിഫിക്കറ്റ് കേരളത്തിലെ ക്രൈസ്തവർക്ക് ലഭ്യമാക്കുക.

ഈ രണ്ട് കാരണങ്ങളും വിശകലനം ചെയ്യുമ്പോൾ ഇവയ്ക്കു പിന്നിലെ ഉദ്ദേശശുദ്ധിയെ സംശയിക്കേണ്ടതായി വരും. കേരള ക്രിസ്ത്യാനികൾ സഭാപരമല്ലാതെ നടത്തുന്ന സിവിൽ മാര്യേജിനെക്കുറിച്ചാണ് ആദ്യം പറയുന്നതെങ്കിൽ രണ്ടാമത് പറയുന്നതു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ എല്ലാ മതവിഭാഗക്കാരും നടത്തേണ്ടതായ രജിസ്ട്രേഷനെക്കുറിച്ചാണ്. 2008-ലെ വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ അനുസരിച്ചാണ് ഇപ്പോൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ഈ രജിസ്ട്രേഷൻ നടക്കുന്നത്. അവിടെ നിന്നും നല്കുന്ന സർട്ടിഫിക്കറ്റ് ഏത് കാര്യത്തിനും മതിയാകുന്നതാണ്. അപ്പോൾ ക്രിസ്ത്യാനിക്കു മാത്രമായി ഒരു രജിസ്ട്രേഷൻ നിയമം എന്തിനാണ്?

## പ്രഥമ അൽമായ വിശുദ്ധനെ വരവേൽക്കാനൊരുങ്ങി ഭാരതം

അല്മായ വിശുദ്ധനുവേണ്ടിയുള്ള ഭാരതത്തിന്റെ കാത്തിരിപ്പ് അവസാനിക്കുന്നു. രക്തസാക്ഷിയായ ദേവസഹായം ഉൾപ്പെടെ ഏഴു പേരെ 2022 മേയ് 15-ന് വിശുദ്ധപദവിയിലേക്ക് ഉയർത്തും. വിശുദ്ധ ദേവസഹായം എന്നായിരിക്കും ഇനി അറിയപ്പെടുക. വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിലാണ് ചടങ്ങുകൾ. ഭാരതത്തിലെ പ്രഥമ അല്മായ രക്തസാക്ഷി മലയാളിയായ വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ മധ്യസ്ഥതയിൽ നടന്ന അത്ഭുതം 2020 ഫെബ്രുവരി 21-ന് വത്തിക്കാൻ അംഗീകരിച്ചു.

## പടനായകർക്ക് വിട

സംയുക്ത സേനാ മേധാവി ജനറൽ ബിപിൻ റാവത്തിന് അകാലത്തിൽ വിടവാങ്ങൽ നൽകേണ്ടിവന്നതിന്റെ വേദനയും ഞെട്ടലിലുമാണ് ഇന്ത്യ. കൂനൂരിലെ സൈനിക ഹെലികോപ്റ്റർ അപകടത്തിൽ വീരചരമം പ്രാപിച്ച ജനറൽ റാവത്തിനും ഭാര്യ മധുലിക, ബ്രിഗേഡിയർ എൽ.എസ്. ലിഡ്ഡർ, മലയാളി വ്യോമസേനാ വാറന്റ് ഓഫീസർ എ. പ്രദീപിനു തുടങ്ങിയവർക്കും എല്ലാ ആദരവും നൽകിയാണു രാജ്യം വിടചൊല്ലിയത്.

## ചരിത്രമായി കർഷകവിജയം

ഇതിനിടെ, ഇന്ത്യ കണ്ട ഐതിഹാസിക കർഷകസമരത്തിനിടെ ജീവൻ പൊലിഞ്ഞ കർഷകരുടെ ത്യാഗം വെറുതെയായില്ലെന്നതിൽ അഭിമാനിക്കാം. ജനശക്തിയുടെ മുന്നിൽ, കർഷക ഐക്യത്തിനു മുന്നിൽ കേന്ദ്രസർക്കാർ മുട്ടു മടക്കി. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും കരുത്തുറ്റ ജനമുന്നേറ്റത്തിന്റെ ഐതിഹാസിക വിജയം. ജനാധിപത്യരാജ്യത്തു വല്ലപ്പോഴുമൊരിക്കൽ ജനം വിജയം നേടിയ ചരിത്ര മുഹൂർത്തം.

## സഭാ നവീകരണകാലം ആചരിക്കും; കെസിബിസി

സിനഡാത്മക സഭയ്ക്കു വേണ്ടി ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചിട്ടുള്ള 2021-2023 ലെ സിനഡിന്റെ പശ്ചാത്തലത്തിൽ കേരള കത്തോലിക്കാസഭയിൽ നവീകരണവർഷങ്ങൾ ആചരിക്കും. സിനഡാത്മകതയും സഭാനവീകരണവും 2022-2025 എന്ന പേരിൽ സഭാ നവീകരണ കാലം ആചരിക്കാൻ കെസിബിസിയുടെ ശീതകാല സമ്മേളനം തീരുമാനിച്ചു.

## കെസിബിസി പ്രോലൈഫ് സമിതി വലിയ കുടുംബസംഗമം മേയിൽ

കുടുംബവർഷ സമാപനത്തോടനുബന്ധിച്ച് മേയിൽ പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ കേരളത്തിലെ വിവിധ രൂപതകളിൽ നിന്നുള്ള വലിയ കുടുംബങ്ങളുടെ പ്രതിനിധി സംഗമം - ലഹയിം മീറ്റ് നടത്തുമെന്ന് കെസിബിസി പ്രോലൈഫ് സമിതി.

## ഡോ. എ.എം. മൈക്കിൾ, ഗായകൻ തോപ്പിൽ ആന്റോ അന്തരിച്ചു

ഇന്ത്യൻ അഗ്രികൾച്ചറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടറും കേരള കാർഷിക സർവ്വകലാശാലാ മുൻ വൈസ് ചാൻസലറുമായ ഡോ. എം. എം. മൈക്കിൾ (91) അന്തരിച്ചു. വൈസ് ചാൻസലർ എന്ന നിലയിൽ കാർഷിക സർവ്വകലാശാലയെ ഉന്നതനിലയിൽ എത്തിക്കുവാൻ അശ്രാന്തം പരിശ്രമിച്ച വ്യക്തിയായിരുന്നു. പല വിദേശ സർവ്വകലാശാലകളുടെയും വിസിറ്റിംഗ് പ്രൊഫസർ ആയി സേവനം ചെയ്തിട്ടുണ്ട്. അഗ്രികൾച്ചർ എൻജിനീയറിംഗിൽ അലഹബാദ് സർവ്വകലാശാലയിൽ നിന്നും ബിരുദം നേടിയ മൈക്കിൾ, IIT, കരഗ്പൂരിൽ നിന്നും M.Tech ഉം Phd യും നേടി. കാർഷിക എൻജിനീയറിംഗ് രംഗത്ത് അന്തർദേശീയ തലത്തിൽ അറിയപ്പെട്ടിരുന്ന വ്യക്തിത്വമായിരുന്നു.

സിനിമ-നാടക ഗാനങ്ങളിലൂടെ മലയാളികളുടെ ഇഷ്ടഗായകനും സംഗീത സംവിധായകനുമായ തോപ്പിൽ ആന്റോ (81) അന്തരിച്ചു. ചവിട്ടുനാടക കലാകാരനായ തോപ്പിൽ കുഞ്ഞാപ്പുവിന്റെയും ഏലിയാമ്മയുടെയും മൂന്ന് മക്കളിൽ രണ്ടാമനായി 1940 ജൂൺ ആറിന് ജനനം. 1956-57 കാലഘട്ടത്തിൽ നാടക പിന്നണി ഗാനരംഗത്തേക്കു കടന്നു. പ്രഫഷണൽ നാടകരംഗത്തെ മികച്ച ഗായകനായി പേരെടുത്ത ഇദ്ദേഹം ഗാനമേളകളിലും തിളങ്ങി. നൂറുകണക്കിന് സിനിമ-നാടക ഗാനങ്ങൾ ആലപിച്ചു. ഒട്ടേറെ ഗാനങ്ങൾക്ക് സംഗീതവും നിർവഹിച്ചു.

ഇരുവരും നമ്മുടെ ഇടവകയിലെ സെന്റ് വിൻസെന്റ് യൂണിറ്റംഗങ്ങളാണ്.




MAR AUGUSTINE JUBILEE HOSPITAL
MAJ
EDAPPALLY

# M.A.J. HOSPITAL

A unit of St. George Forane Church

E D A P P A L L Y - K O C H I

## SPECIALTY DEPARTMENTS

GENERAL MEDICINE = PAEDIATRICS & NEONATOLOGY = ORTHOPAEDICS & JOINT REPLACEMENT
GENERAL & LAPAROSCOPIC SURGERY = OBSTETRICS & GYNAECOLOGY = PULMONOLOGY = E N T
NEUROLOGY = NEUROSURGERY = NEPHROLOGY = GASTROENTEROLOGY = OPHTHALMOLOGY
EMERGENCY MEDICINE = DENTAL SCIENCE = PSYCHIATRY = UROLOGY = DERMATOLOGY = CARDIOLOGY
ONCOLOGY = ANESTHESIOLOGY = RADIOLOGY = PATHOLOGY = PHYSICAL THERAPY & REHABILITATION

*Compassionate care, at affordable cost...*

**Phone: 0484 2825777, 2344996 Website: www.majhospital.com**

MAJ PR 2021 DEC


1ST ANNIVERSARY
FACES N BRACES
ORTHODONTIC CENTRE & DENTAL CLINIC
Market road, Opp LP school ground,Opp St George
Church Parish Hall, Edappally
INVISALIGN
BRACES
METAL & CERAMIC
BRACES
DENTAL IMPLANTS
CROWNS & BRIDGES
ROOT CANAL
TREATMENT
CONTACT US
7907328229
0484 3583383
Our Specialities
Complete exams,
Xrays, Cleanings,
Fillings
Orthodontics
RCT
Crowns and Bridges
Partial and
Complete dentures
Dental Implants
Pediatric dentistry
Surgical Extractions
QUALIFIED
ios
ENDORSED
ORTHODONTIST
Ass Prof. Dr. Jose Sunny
MDS
Orthodontist
Dr. Sherine Sue Mathew
BDS
Chief Dental Surgeon
Specialist Orthodontist
available everyday
Made with PosterMyWall.com